മേൽ വിഷയത്തിനു നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 13/18.11.2021 ന് മറുപടി ലഭ്യമാക്കിയിട്ടില്ല.

1-11-2 റദ്ദാക്കിയ സാംഖ്യ രസീതിലെ തുകകൾ സഞ്ചയയിൽ വരവായി രേഖപ്പെടുത്തുന്നു.

2019-20 സാമ്പത്തിക വർഷം റദ്ദാക്കിയ സാംഖ്യ രസീത് റിപ്പോർട്ടിൽ ഉൾപ്പെട്ടിട്ടുള്ള ചുവടെ പറയുന്ന രസീതികൾ സഞ്ചയയിൽ നിന്നും നീക്കം ചെയ്യാതെ പിരിച്ചെടുത്തതായി രേഖപ്പെടുത്തിയിരിക്കുന്നു.

| ക്രമ നമ്പർ | തീയതി | രസീത് നമ്പർ | പേര് | വാർഡ് | ഡോർ നമ്പർ | തുക |
|---|---|---|---|---|---|---|
| 1 | 26/06/2019 | 119010104125 | സി.കൃഷ്ണൻ | 10 | 17 | 706 |
| 2 | 26/06/2019 | 119010104128 | സി.കൃഷ്ണൻ | 10 | 18 | 706 |
| 3 | 25/07/2019 | 119010105129 | ഡോ.സൈദ് മുഹമ്മദ് | 6 | 43 | 872 |

മേൽ വിഷയത്തിൽ നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 06/15.11.2021 ന് മറുപടി ലഭ്യമാക്കിയിട്ടില്ല.

1-11-3 വിമുക്ത ഭടൻമാരുടെ കെട്ടിട നികുതി ഇളവ് - ചട്ടങ്ങൾ പാലിക്കുന്നില്ല

1.1.2005 ലെ സ.ഉ. (എം.എസ്) നം 3/2005/തസ്വഭവ നമ്പർ ഉത്തരവ് പ്രകാരം സംസ്ഥാനത്തെ വിമുക്ത ഭടൻമാരെയും / വിധവകളെയും അവരുടെ യഥാർത്ഥ താമസത്തിനായി ഉപയോഗിക്കുന്ന വീടുകളെ വീട്ടുകരം അടക്കുന്നതിൽ നിന്നും 2004-05 അർദ്ധവർഷം മുതൽ ഒഴിവാക്കി ഉത്തരവായിരുന്നു. സ.ഉ.(കൈ)നം 106/17/തസ്വഭവ, 26.5.17 പ്രകാരം പരിഷ്കരിച്ച ഉത്തരവും പുറപ്പെടുവിച്ചിരുന്നു. മേൽ നിർദ്ദേശ പ്രകാരമുള്ള ചുവടെ പറയുന്ന കാര്യങ്ങൾ നടപ്പിലാക്കിയിട്ടില്ല.

I) കെട്ടിട നികുതി ഇളവ് ലഭ്യമാക്കുന്നതിനുള്ള അപേക്ഷ / സാക്ഷ്യപത്രം ഓരോ വർഷവും മാർച്ച് 31 ന് മുമ്പായി തദ്ദേശ സ്വയംഭരണ മേധാവിക്ക് നൽകേണ്ടതാണ്. 2019-20 സാമ്പത്തിക വർഷം ഇത്തരത്തിൽ സാക്ഷ്യപത്രം വാങ്ങി സൂക്ഷിച്ചിട്ടില്ല. സാക്ഷ്യപത്രം ഇല്ലാതെ തന്നെ കെട്ടിടനികുതി ഇളവ് നൽകുന്ന സ്ഥിതിയാണുള്ളത്. ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി / ഭരണ സമിതി ഇത്തരത്തിൽ തീരുമാനം എടുത്തതായും കാണുന്നില്ല.

Ii) കെട്ടിടനികുതി ഇളവിന് അർഹരായ വിമുക്ത ഭടൻമാർക്ക് / വിമുക്ത ഭടൻമാരുടെ ഭാര്യമാർക്ക് / വിധവകൾക്ക് നികുതി സംബന്ധമായി ഒരു പ്രത്യേക രജിസ്റ്റർ എല്ലാ തദ്ദേശ ഭരണ സ്ഥാപനങ്ങളിലും നിർബന്ധമായും സൂക്ഷിക്കേണ്ടതാണ്. കെട്ടിട നികുതി ഇളവ് അനുവദിക്കപ്പെട്ട കെട്ടിടത്തിന്റെ ഉടമസ്ഥാവകാശം സംബന്ധിച്ച് ഏതെങ്കിലും മാറ്റം വരുന്ന പക്ഷം ആയത് ബന്ധപ്പെട്ട തദ്ദേശ ഭരണ

സ്ഥാപനങ്ങളെ യഥാസമയം ഗുണഭോക്താക്കൾ അറിയിക്കേണ്ടതും പ്രസ്തുത വിവരം ഇതുമായി ബന്ധപ്പെട്ട രജിസ്റ്ററിലെ അനുയോജ്യമായ കോളത്തിൽ / പേജിൽ രേഖപ്പെടുത്തി സാക്ഷ്യപ്പെടുത്തേണ്ടതുമാണ്. ഏതെങ്കിലും തരത്തിലുള്ള ക്രമക്കേട് കണ്ടെത്തിയാൽ പ്രസ്തുത വിവരം ബന്ധപ്പെട്ട രജിസ്റ്ററിൽ രേഖപ്പെടുത്തി നികുതി ഇളവ് നൽകി പുറപ്പെടുവിച്ചിട്ടുള്ള ഉത്തരവ് റദ്ദാക്കേണ്ടതും അപ്രകാരം സർക്കാരിനുണ്ടായ നഷ്ടം ബന്ധപ്പെട്ട സ്ഥാപന മേധാവികൾ ക്രമപ്രകാരം ഈടാക്കേണ്ടതുമാണ്. ഇത്തരത്തിൽ രജിസ്റ്റർ തയ്യാറാക്കിയിട്ടില്ല.

വിമുക്ത ഭടൻമാരുടെ കെട്ടിട നികുതി ഇളവ് സഞ്ചയയിൽ രേഖപ്പെടുത്തുമ്പോൾ പ്രസ്തുത ആനുകൂല്യം തുടർ വർഷത്തേക്കും അനുവദിക്കപ്പെടുന്നതായി കാണുന്നു. തൊട്ടടുത്ത വർഷം കെട്ടിട ഉടമ അപേക്ഷ സമർപ്പിക്കാത്ത പക്ഷം ടി കെട്ടിടത്തെ റിവോക്ക് ചെയ്യേണ്ടതായി വരുന്നു. ആയതിനാൽ ഓരോ വർഷവും ഡേറ്റാ എൻട്രിയ്ക്കായി തൻ വർഷത്തെ അപേക്ഷയോടൊപ്പം മുൻ വർഷം സഞ്ചയയിൽ ഇളവ് നൽകിയ മുഴുവൻ കെട്ടിടങ്ങൾ സംബന്ധിച്ച വിവരവും പരിശോധിക്കേണ്ടതായി വരുന്നു. ഇത്തരത്തിൽ കൃത്യമായി റിവോക്ക് ചെയ്യാതെ വന്നാൽ അപേക്ഷയില്ലാതെ തന്നെ കെട്ടിടങ്ങൾക്ക് ഇളവ് ലഭിക്കുന്ന സ്ഥിതിയുണ്ടാകും. ആയതിനാൽ ഇത് സംബന്ധിച്ച് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി പരിശോധിക്കേണ്ടതും തുടർ നടപടികൾ സ്വീകരിക്കേണ്ടതുമാണ്. മേൽ അപാകങ്ങൾ പരിഹരിക്കേണ്ടതും വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

## 1-12 പെർമിറ്റ് - തീർപ്പാക്കാൻ ശേഷിക്കുന്ന അപേക്ഷകളിൻമേൽ നടപടി സ്വീകരിക്കേണ്ടതാണ്.

2019-20 സാമ്പത്തിക വർഷത്തെ പെർമിറ്റ് രജിസ്റ്റർ പരിശോധിച്ചതിൽ ചുവടെ പറയുന്ന അപേക്ഷകളിൽ യാതൊരു തീരുമാനവും കൈക്കൊണ്ടതായി കാണുന്നില്ല.

| ക്രമ നമ്പർ | കറണ്ട് നമ്പർ | ക്രമ നമ്പർ | കറണ്ട് നമ്പർ |
|---|---|---|---|
| 1 | 9396/19, 8/11/19 | 8 | 1632/20, 22/2/20 |
| 2 | 12505/19, 27/12/19 | 9 | 1636/20, 22/2/20 |
| 3 | 953/20, 29/1/20 | 10 | 1722/20, 26/2/20 |
| 4 | 1334/20, 12/2/20 | 11 | 1769/20, 27/2/20 |
| 5 | 1369/20, 13/2/20 | 12 | 1867/20, 28/2/20 |
| 6 | 1383/20, 13/2/20 | 13 | 1923/20, 2/3/20 |
| 7 | 1556/20, 19/2/20 | 14 | 2414/20, 12/3/20 |

മേൽ അപേക്ഷകളിൽ നടപടി സ്വീകരിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരം അറിയിക്കേണ്ടതാണ്.

02.12.2015 ലെ 12900/ആർ.എ1/2015/തസ്വഭവ നമ്പർ ഉത്തരവ് ഖണ്ഡിക 1 സൂചിപ്പിച്ച പ്രകാരം പെർമിറ്റ് രജിസ്റ്ററിൽ മുഴുവൻ വിവരങ്ങളും വ്യക്തമായും പൂർണമായും രേഖപ്പെടുത്തി ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്. നാളിതുവരെയും നടപടി സ്വീകരിക്കാത്ത അപേക്ഷകളിൽ തൽസ്ഥിതി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-13 വർക്കേഴ്സ് വെൽഫയർ ഫണ്ടിനായി പിരിച്ച തുകയുടെ കളക്ഷൻ ചാർജ് ഈടാക്കാത്തത് മൂലം നഷ്ടം.

1996 ലെ കേരള ബിൽഡിംഗ് ആന്റ് അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫയർ സെസ്സ് നിയമത്തിലെ

വകുപ്പ് 3(3) പ്രകാരം കേരള കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫയർ ഫണ്ടിനായി പിരിക്കുന്ന തുകയുടെ ഒരു ശതമാനം പിരിച്ചെടുക്കുന്ന അതോറിറ്റിയുടെ തനത് ഫണ്ടിലേക്ക് മുതൽ കൂട്ടാവുന്നതാണ്. ചെമ്മനാട് ഗ്രാമപഞ്ചായത്ത് 2019-20 സാമ്പത്തിക വർഷത്തിൽ വിവിധ മരാമത്ത് പ്രവൃത്തികളിൽ നിന്നുമായി 243145/- രൂപ ഈടാക്കി കേരള കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫയർ ഫണ്ടിലേക്ക് ഒടുക്ക് വരുത്തിയിരുന്നു.വിശദാംശം ചുവടെ കൊടുക്കുന്നു.

| ക്രമ നം | പ്രവൃത്തിയുടെ പേര് | ഒടുക്കിയ തുക |
|---|---|---|
| 1 | കപ്പണയടുക്കം -വാളിയാടം -കണിയാലം റോഡ് റീടാറിംഗ് | 2484 |
| 2 | ചട്ടഞ്ചാൽ പട്ടിക വർഗ്ഗ കമ്മ്യൂണിറ്റി ഹാൾ അറ്റകുറ്റ പണി | 3059 |
| 3 | തൈര അംഗൻവാടി നവീകരണം | 2768 |
| 4 | അഞ്ചങ്ങാടി കണ്ണോത്ത് റോഡ് ടാറിംഗ് | 2262 |
| 5 | ജി.യു.പി.എസ്. ചെമ്മനാട് വെസ്റ്റ് നവീകരണം | 2998 |
| 6 | പുതിയ വളപ്പ് മാണി റോഡ് കോൺക്രീറ്റ് | 1837 |
| 7 | തലക്കണ്ടം മഹാലക്ഷ്മിപുരം റോഡ് കോൺക്രീറ്റ് | 1393 |
| 8 | പരവനടുക്കം അംഗൻവാടി നവീകരണം | 431 |
| 9 | ഉക്രംപാടി കടവ് റോഡ് നിർമ്മാണം | 1973 |
| 10 | ബടക്കുംബാത്ത് കളരിക്കൽ ഡ്രൈനേജ് ആന്റ് കവറിംഗ് സ്ലാബ് നിർമ്മാണം | 989 |
| 11 | കളനാട് പി.എച്ച്.സി. ശ്മശാനം റോഡ് കോൺക്രീറ്റ് | 1976 |
| 12 | എയ്യള ബെണ്ടിച്ചാൽ റോഡ് കോൺക്രീറ്റ് | 1493 |
| 13 | ചട്ടഞ്ചാൽ എസ്.സി കോളനി കുടിവെള്ള പദ്ധതിക്ക് പൈപ്പ് ലൈൻ നീട്ടലും അനുബന്ധ പ്രവൃത്തിയും | 233 |
| 14 | തൊട്ടി വൈദ്യർ റോഡ് കോൺക്രീറ്റ് | 1381 |
| 15 | തൈര വടക്കേ പള്ളം എസ്.സി കോളനി റോഡ് റീ ടാറിംഗ് | 1477 |
| 16 | കുന്നരിയത്ത് കുന്നിൽ റോഡ് കോൺക്രീറ്റ് | 943 |
| 17 | കൊറക്കുന്ന് മോട്ട അംഗൻവാടി നവീകരണം | 698 |

| | | |
|---|---|---|
| 18 | കുനിക്കുന്ന് വലിയവീട് റോഡ് റീടാറിംഗ് | 2492 |
| 19 | കളനാട് പി.എച്ച്.സി. യുടെ ചുറ്റമതിൽ പുനർനിർമ്മാണം | 1586 |
| 20 | യൂത്ത് ക്ലബ് പള്ളിപ്പുറം വയൽ റോഡ് രണ്ടാംഘട്ടം കോൺക്രീറ്റ് | 1947 |
| 21 | ജി.എൽ.പി.എസ്. ചാത്തംകൈ നവീകരണം | 1499 |
| 22 | അമ്പട്ടമൂല റോഡ് റീടാറിംഗ് | 570 |
| 23 | തെക്കിൽ പള്ളിക്കര ആച്ചിര വളപ്പ് റോഡ് റീടാറിംഗ് | 1543 |
| 24 | വൈ.എം.എം.എ. ബടക്കുംബാത്ത് നടപ്പാത കോൺക്രീറ്റ് | 489 |
| 25 | ജി.യു.പി. സ്കൂൾ ട്രാൻസ്ഫോർമർ ഡ്രൈനേജ് അറ്റകുറ്റപ്പണി | 488 |
| 26 | തെക്കിൽ ഫെറി അംഗനവാടി നവീകരണം | 854 |
| 27 | ഇടവുങ്കാൽ നെരപ്പനടി റോഡ് കോൺക്രീറ്റ് | 5980 |
| 28 | കളനാട് പി.എച്ച്.സി. കെട്ടിടം പൂർത്തീകരണം | 5396 |
| 29 | കിഴൂർ തെരുവത്ത് റോഡ് കോൺക്രീറ്റ് | 3200 |
| 30 | വി.സി.ബി. പലക മാറ്റൽ | 2651 |
| 31 | ഉക്രംപാടി പള്ളിക്കടവ് റോഡ് പുനരുദ്ധാരണം | 2671 |
| 32 | ചെറുകര രാമൻകുണ്ട് റോഡ് റീടാറിംഗ് | 3499 |
| 33 | ഉക്രംപാടി തെക്കിൽപാലം റോഡ് റീടാറിംഗ് | 2969 |
| 34 | ചെറുകര കോളനി റോഡ് കോൺക്രീറ്റ് & റീടാറിംഗ് | 4666 |
| 35 | പരവനടുക്കം എൽ.പി. സ്കൂൾ - തലക്ലായി റോഡ് റീടാറിംഗ് | 3097 |
| 36 | ചിറാക്കൽ പുതിയ പള്ളി റോഡ് പുനരുദ്ധാരണം | 2718 |
| 37 | ദേളി കുന്നുപാറ അംഗനവാടി നവീകരണം | 1647 |
| 38 | മുക്രി കലന്തായി റോഡ് കോൺക്രീറ്റ് | 1376 |
| 39 | കല്ലൻവളപ്പ് ബീച്ച് റോഡ് കോൺക്രീറ്റ് | 994 |
| 40 | ജുമാമസ്ജിദ് പടിഞ്ഞാർ റോഡ് റീടാറിംഗ് | 1500 |
| 41 | കീഴൂർ ജുമാമസ്ജിദ് റോഡ് റീടാറിംഗ് | 2986 |
| 42 | ചെമ്മനാട് ആയുർവേദ ഡിസ്പെൻസറി അറ്റകുറ്റപ്പണി | 1871 |
| 43 | പരവനടുക്കം വെറ്ററിനറി ഡിസ്പെൻസറി അറ്റകുറ്റപ്പണി | 1668 |
| 44 | വള്ളിയോട് മരവയൽ കോളനി റോഡിന് കലുങ്ക് നിർമ്മാണം | 908 |
| 45 | തെക്കിൽ പള്ളിക്കര ആച്ചിര വളപ്പ് റോഡ് പുനരുദ്ധാരണം | 994 |
| 46 | ജി.എൽ.പി.എസ്. ചെമ്മനാട് ഈസ്റ്റ് നവീകരണം | 1457 |
| 47 | മുതലപ്പാറ ചാക്കട്ടക്കാൽ നടപ്പാത | 349 |
| 48 | ചിറവാതുക്കൽ അംഗനവാടി നവീകരണം | 1073 |
| 49 | ഉക്രംപാടി അംഗനവാടി നവീകരണം | 1573 |
| 50 | മേൽപ്പറമ്പ കുടുംബക്ഷേമ കേന്ദ്രം അറ്റകുറ്റപണി | 1418 |
| 51 | കുനിക്കുന്ന് വലിയവീട് റോഡ് റീടാറിംഗ് | 2493 |
| 52 | ചട്ടംച്ചാൽ പി.എച്ച്.സി. അറ്റകുറ്റ പണി | 2447 |
| 53 | ചെമ്പരിക്ക സാഹിബ് റോഡ് കോൺക്രീറ്റ് | 1391 |
| 54 | റേഷൻ ഷോപ്പ് കൊവ്വൽ റോഡ് കോൺക്രീറ്റ് | 1808 |
| 55 | പൊട്ടനഴി ചെമ്പരിക്ക നടപ്പാത നിർമ്മാണം | 1875 |
| 56 | പാഴ് വസ്തു സംഭരണകേന്ദ്രം നിർമ്മാണം കോളിയടുക്കം | 8300 |
| 57 | ചെമ്പരിക്ക കല്ലംവളപ്പ് കോളനി കിണറിന് ചുറ്റമതിൽ നിർമ്മാണം | 388 |
| 58 | ജി.എൽ.പി.എസ് ചന്ദ്രഗിരി നവീകരണം | 7011 |
| 59 | സ്വരാജ് ഓഡിറ്റോറിയം നവീകരണം | 3435 |
| 60 | കളനാട് തൊട്ടി അംഗനവാടി നവീകരണം | 1409 |
| 61 | നിസാമുദ്ദീൻ നഗർ പാദൂർ ക്രോസ് റോഡ് ടാറിംഗ് | 1483 |
| 62 | ബെണ്ടിച്ചാൽ മദ്രസ -ബെണ്ടിച്ചാൽ സ്കൂൾ റോഡ് പുനരുദ്ധാരണം | 3993 |
| 63 | ജി.എൽ.പി.എസ്. ചെമ്മനാട് അറ്റകുറ്റ പണി | 1806 |

| | | |
|---|---|---|
| 64 | കട്ടക്കാൽ കുത്തുബൈത്ത് മസ്ജിദ് വള്ളിയോട് റോഡ് കോൺക്രീറ്റ് | 5024 |
| 65 | കടപ്പള്ളം കുളിക്കുന്ന് റോഡ് റീ ടാറിംഗ് | 6381 |
| 66 | കളനാട് പി.എച്ച്.സി. കെട്ടിടം പൂർത്തീകരണം | 3588 |
| 67 | ജി.യു.പി.എസ്. ചെമ്പരിക്ക നവീകരണം | 1367 |
| 68 | ചെമ്മനാട് കൃഷിഭവൻ കെട്ടിടം അറ്റകുറ്റ പണി | 2671 |
| 69 | ചേരിക്കോട് റോഡ് കോൺക്രീറ്റ് | 944 |
| 70 | പരവനടുക്കം പുനരധിവാസ കേന്ദ്രം അധിക പ്രവർത്തികൾ | 3900 |
| 71 | കുഞ്ഞടുക്കം ചിറവാതുക്കൽ റോഡ് കോൺക്രീറ്റ് | 1331 |
| 72 | കൊമ്പനടുക്കം ചാമക്കടവ് റോഡ് കോൺക്രീറ്റ് | 2673 |
| 73 | പാഴ് വസ്തു സംഭരണ കേന്ദ്രം നിർമ്മാണം കോളിയടുക്കം | 5171 |
| 74 | പുളിന്റടി പാദൂർ ബെന്താട് റോഡ് കോൺക്രീറ്റ് | 4393 |
| 75 | മേൽപറമ്പ് അംഗൻവാടി കെട്ടിടം നിർമ്മാണം | 715 |
| 76 | ചട്ടംച്ചാൽ പി.എച്ച്.സി. കെട്ടിടം അറ്റകുറ്റപണി | 3376 |
| 77 | കപ്പണയടുക്കം തെക്കെവളപ്പ് റോഡ് കോൺക്രീറ്റ് | 1274 |
| 78 | പരവനടുക്കം വളപ്പോത്ത് റോഡ് കോൺക്രീറ്റ് | 3075 |
| 79 | മാക്കോട് അംഗനവാടി നവീകരണം | 2177 |
| 80 | വയോജന കേന്ദ്രം നിർമ്മാണം | 10214 |
| 81 | കാവുങ്കാൽ പാലോത്ത് പള്ളി റോഡ് കോൺക്രീറ്റ് | 1779 |
| 82 | കാവുംപള്ളം എസ്.സി. കോളനി റോഡ് കോൺക്രീറ്റ് | 2352 |
| 83 | ചട്ടഞ്ചാൽ പൊതു ശൗചാലയവും മത്സ്യമാർക്കറ്റും നിർമ്മാണം | 9336 |
| 84 | ചാത്തങ്കൈ ടണൽ റോഡ് കോൺക്രീറ്റ് | 2472 |
| 85 | ജി.യു.പി.എസ്. കോളിയടുക്കം അറ്റകുറ്റപണി | 4090 |
| 86 | പരവനടുക്കം അരയാംവളപ്പ് റോഡ് കോൺക്രീറ്റ് | 1383 |
| 87 | കുഞ്ഞിപ്പള്ളി ബദർ മസ്ജീദ് റോഡ് പുനരുദ്ധാരണം | 2950 |
| 88 | പറമ്പ കമ്മട്ടങ്കാൽ പുളിനാക്ഷി റോഡ് കോൺക്രീറ്റ് | 3791 |
| 89 | കൊമ്പനടുക്കം കോലാംതൊട്ടി റോഡ് റീടാറിംഗ് | 3553 |
| 90 | അച്ചേരി വണ്ണാത്തിക്കളം പരിയാരം റോഡ് കോൺക്രീറ്റ് | 1339 |
| 91 | കോട്ടരുവം കുതിരക്കോട് റോഡ് അവസാനഭാഗം കോൺക്രീറ്റ് | 1778 |
| 92 | അയ്യങ്കോൽ അംഗൻവാടി ക്രോസ്സ് റോഡ് കല്ല് പാകൽ | 470 |
| 93 | കളനാട് വാണിയാർമൂല കുന്നമ്മൽ റോഡ് പുനരുദ്ധാരണം | 477 |
| 94 | കളനാട് ന്യൂ അംഗനവാടി നവീകരണം | 406 |
| 95 | കൊമ്പൻപാറ റഹ്മത്ത് നഗർ പുനരുദ്ധാരണം | 373 |
| 96 | തെക്കിൽ ബന്താട് കുനിക്കുന്ന് ഹൈസ്കൂൾ റോഡ് പുനരുദ്ധാരണം | 1860 |
| 97 | ജി.എഫ്.യു.പി.എസ്. കീഴൂർ നവീകരണം പൂർത്തിയായ പദ്ധതിക്ക് തുക കൈമാറൽ | 1487 |
| 98 | തൈര അംഗനവാടി നവീകരണം | 1336 |
| 99 | തെക്കിൽ വയോജന കേന്ദ്രത്തിന് ചുറ്റുമതിൽ | 1762 |
| 100 | ജി.യു.പി.എസ്. തെക്കിൽ വെസ്റ്റ് നവീകരണം | 5040 |
| 101 | ജി.യു.പി.എസ്. തെക്കിൽ നവീകരണം | 2474 |
| ആകെ | | 243145 |

എന്നാൽ മേൽ പറഞ്ഞ നിയമത്തിലെ വകുപ്പ് 3(3) അനുസരിച്ച് പ്രസ്തുത തുകയിൽനിന്ന് 2431/- രൂപ കുറച്ച് ബാക്കി വെൽഫയർ ഫണ്ടിലേക്ക് ഒടുക്കിയാൽ മതിയായിരുന്നു. കളക്ഷൻ ചാർജ് ഈടാക്കാത്തത് കാരണം പഞ്ചായത്തിന് നഷ്ടമുണ്ടാകുന്നത് ഭാവിയിൽ ഒഴിവാക്കേണ്ടതാണ്.

## 1-14 കടമുറി വാടകയ്ക്കു നൽകുന്നതിലെ അപാകതകൾ

2019-20 സാമ്പത്തിക വർഷം കട മുറികൾ വാടകയ്ക്കു നൽകിയതിലെ അപാകതകൾ ചുവടെ ചേർക്കുന്നു.

### 1-14-1 കടമുറി വാടകയ്ക്കു നൽകുന്നതുമായി ബന്ധപ്പെട്ട കരാർ ഉടമ്പടിയിൽ അപാകത

A) 2019-20 സാമ്പത്തിക വർഷം കട മുറികൾ പുതുക്കി നൽകിയ ചുവടെ പറയുന്നവരിൽ നിന്നും കരാർ ഉടമ്പടിയിൽ യാതൊന്നും രേഖപ്പെടുത്താതെ വാങ്ങി സൂക്ഷിച്ചിരിക്കുന്നു.

| ക്രമ നമ്പർ | റൂം നമ്പർ | പേര് |
|---|---|---|
| 1 | 5/201 | സി.പുരുഷോത്തമൻ |

| | | |
|---|---|---|
| 2 | 5/203 | റ്റി.കുട്ട്യൻ |
| 3 | 5/208 | പുഷ്പ |
| 4 | 18/815F | ജുനൈദ് |
| 5 | 4/569 | ഷൺമുഖ ആർട്സ് & സ്പോർട്സ് |
| 6 | 18/815 | കെ.കെ.അബ്ദുള്ള |
| 7 | 23/327 | ഇ.നാരായണൻ നായർ |
| 8 | 23/337 | മാധവൻ നായർ |
| 9 | 23/340 | എം.കുഞ്ഞമ്പു നായർ |
| 10 | 23/341 | മാധവൻ നായർ |
| 11 | 23/342 | പി.വിജയൻ നായർ |
| 12 | 23/344 | സി.എം.എസ് ഖലീലുള്ള |
| 13 | 23/345 | സി.എം.എസ് ഖലീലുള്ള |
| 14 | 5/209A | ഒരുമ ക്യാൻന്റീൻ |

B) ചുവടെ പറയുന്നവരുടെ അപേക്ഷ കരാർ ഉടമ്പടി എന്നിവ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

| ക്രമ നമ്പർ | റൂം നമ്പർ | പേര് |
|---|---|---|
| 1 | 4/568 | ഈശ്വര |
| 2 | 4/570 | റ്റി കുഞ്ഞിരാമൻ |
| 3 | 23/329 | നവോദയ ആർട്സ് & സ്പോർട്സ് ക്ലബ് |
| 4 | 23/335 | കുഞ്ഞിരാമൻ നായർ |
| 5 | 23/338 | റ്റി. സുരേഷ് |
| 6 | 5/213A | സെക്രട്ടറി, അലിഫ്,ഫ്ലവർ |

C) 2019-20 സാമ്പത്തിക വർഷം കടമുറികൾ പുതുക്കി നൽകിയത് സംബന്ധിച്ച കമ്മിറ്റി തീരുമാനം പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

D) കരാർ ഉടമ്പടിയിൽ മുറി ലേലം കൊണ്ടയാൾ രണ്ടാം കക്ഷിയായും ഗ്രാമ പഞ്ചായത്ത് സെക്രട്ടറി ഒന്നാം കക്ഷിയായും രേഖപ്പെടുത്തിയിട്ടുണ്ട്.

ഇതിൽ എല്ലാ ബാധ്യതകളും രണ്ടാം കക്ഷിക്ക് നൽകുന്നതിന പകരമായി ഒന്നാം കക്ഷിയിലാണ് ( ഗ്രാമ പഞ്ചായത്ത് സെക്രട്ടറി) നിക്ഷിപ്തമാക്കിയിട്ടുള്ളത്.

കട മുറികളുടെ ലേലം സംബന്ധിച്ച് കരാർ ചമക്കുന്നതിൽ ശ്രദ്ധ ചെലുത്തേണ്ടതാണ്. ക്രമ നമ്പർ B), C) പ്രകാരമുള്ള രേഖകൾ ഒാഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

## 1-14-2 വാടക തുക ഈടാക്കിയിട്ടില്ല

| ക്രമ നമ്പർ | റൂം നമ്പർ | പേര് | ഡിമാന്റ് തുക | കളക്ഷൻ തുക | ലഭിക്കാനുള്ള തുക |
|---|---|---|---|---|---|
| 1 | 23/329 | നവോദയ ആർട്സ് & സ്പോർട്സ് ക്ലബ് | 5556 | 4630 | 926 |
| 2 | 23/334 | ശശികുമാരൻ നായർ | 10476 | 9603 | 873 |

| | | | | | |
|---|---|---|---|---|---|
| 3 | 23/344 | സി.എം.എച്ച്. ഖലീലുള്ള | 11064 | 10170 | 894 |
| 4 | 23/345 | സി.എം.എച്ച്. ഖലീലുള്ള | 10896 | 9988 | 908 |

മേൽ തുക ഈടാക്കുന്നതിനുള്ള തുടർനടപടി സ്വീകരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

1-15 ശാരീരിക മാനസികവെല്ലുവിളികൾ നേരിടുന്ന കുട്ടികൾക്ക് അർഹമായ സഹായം നൽകിയില്ല.

നിർവ്വഹണ ഉദ്യോഗസ്ഥൻ -ഐ.സി.ഡി.എസ്. സൂപ്പർവൈസർ

പ്രൊജക്റ്റ് നം.0219/2019-20

അടങ്കൽ

1.17,15,897/-രൂപ - പ്ലാൻ ജനറൽ - ചെലവ് - 9,80,100/-രൂപ

2.2,00,000/-രൂപ - ബ്ലോക്ക് ഷെയർ - ചെലവ് - ഇല്ല

3.5,00,000/-രൂപ - ജില്ലാ പഞ്ചായത്ത് - ചെലവ് - 5,00,000/-രൂപ

ആകെ അടങ്കൽ - 24,15,897/-രൂപ

ആകെ ചെലവ് - 14,80,100/-രൂപ

പതിമൂന്നാം പഞ്ചവത്സര പദ്ധതിയിലെ അവശേഷിക്കുന്ന പദ്ധതികൾ തയ്യാറാക്കൽ സബ്സിഡി – ധനസഹായം – അനുബന്ധ വിഷയങ്ങൾ സംബന്ധിച്ച മാർഗ്ഗരേഖ (സ.ഉ. (കൈ) നം.22/2018/ തസ്വഭവ, തീയ്യതി 14.02.2018 ഖണ്ഡിക 7.1.6 പ്രകാരം ശാരീരിക – മാനസികവെല്ലുവിളികൾ നേരിടുന്നവർക്ക് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് നൽകാവുന്ന സഹായങ്ങൾ പരാമർശിച്ചിട്ടുണ്ട്. ആയത് പ്രകാരം ശാരീരിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്ക് പ്രതിമാസ സ്കോളർഷിപ്പും വാർഷിക ബത്തയും ഉൾപ്പെടെ ഏറ്റവും താഴ്ന്ന ക്ലാസ്സിൽ പഠിക്കുന്നവർക്ക് മിനിമം 5300/- രൂപയും മാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്ക് പ്രതി വർഷം 28500/- രൂപയ്ക്ക് വരെയും അർഹതയുണ്ട്.

ഈ മേഖലയെ സംബന്ധിച്ച വർക്കിംഗ് ഗ്രൂപ്പ് തയ്യാറാക്കേണ്ട സ്റ്റാറ്റസ് റിപ്പോർട്ട് ഇല്ലാത്തതിനാൽ എത്ര പേർ പഞ്ചായത്തിൽ ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവരായി ഉണ്ട് എന്നതിന്റെ വിശദാംശങ്ങൾ ഓഡിറ്റിന് ലഭ്യമായിട്ടില്ല. 2019-20 വർഷം 137 ഗുണഭോക്താക്കൾക്കാണ് നിർവ്വഹണ ഉദ്യോഗസ്ഥ മാനസിക വെല്ലുവിളികൾ നേരിടുന്നവർ എന്ന പദ്ധതിയിൽ ഉൾപ്പെടുത്തി ധനസഹായം നൽകിയത്. മാനസിക വെല്ലുവിളികൾ നേരിടുന്നവർക്ക് മാത്രം പരമാവധി ഒരുവർഷം 28,500/- രൂപ നിരക്കിൽ ആകെ 39,04,500/- രൂപ സ്കോളർഷിപ്പിന് അർഹതയുണ്ട് എന്നിരിക്കെയാണ് 137 ഗുണഭോക്താക്കൾ വേണ്ടി 24,15,897/- രൂപ അടങ്കലായി പ്രോജക്റ്റ് രൂപീകരിച്ച് നടപ്പാക്കിയത്. ഇതിൽ തന്നെ പ്ലാൻ ജനറൽ വിഹിതം 17,15,897/- രൂയുടെ 57% മാത്രമാണ് ചെലവഴിച്ചത് (9,80,100/- രൂപ), ബ്ലോക്ക് പഞ്ചായത്ത് വിഹിതം ചെലവഴിച്ചിട്ടില്ല. വകയിരുത്തിയ തുക പോലും ചെലവഴിക്കാത്തത് ഭരണ സമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു. ഭാവിയിൽ ഇക്കാര്യം ശ്രദ്ധിക്കേണ്ടതാണ്.

തുടർ വർഷങ്ങളിൽ മേഖലയെ സംബന്ധിച്ച കൃത്യമായ സ്റ്റാറ്റസ് റിപ്പോർട്ട് തയ്യാറാക്കി ആയത് പ്രകാരം ഭിന്നശേഷിയിൽപ്പെട്ട അർഹരായവരുടെ എണ്ണത്തിന്റെ അടിസ്ഥാനത്തിൽ നൽകാൻ കഴിയുന്ന മുഴുവൻ സഹായങ്ങൾക്കും ആവശ്യമായ ഫണ്ട് വകയിരുത്തി പദ്ധതി നടപ്പാക്കിയതിന്റെ വിവരം ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

1-16 ഭിന്നശേഷിയുള്ളവർക്ക് സൈഡ് വീൽ സ്കൂട്ടർ നടപ്പാക്കിയതിലെ അപാകത

നിർവ്വഹണ ഉദ്യോഗസ്ഥ - ഐ.സി.ഡി.എസ്. സൂപ്പർവൈസർ

പ്രൊജക്ട് നം. 0225/19-20

അടങ്കൽ - 4,10,000/- രൂപ -പ്ലാൻ ജനറൽ

ചെലവ് - 4,05,000/-രൂപ

ബിൽ നം.15/19-20/ 25.1.2020 - തുക 4,05,000/-രൂപ

2019-20 വർഷത്തിൽ നടപ്പിലാക്കിയ ഈ പദ്ധതിക്കായി കെൽട്രോൺ കണ്ണൂരിൽ നിന്ന് 5 ഹീറോ മാസ്റ്റിറോ എഡ്ജ് സ്കൂട്ടറുകൾ വാങ്ങി വിതരണം നടത്തിയിട്ടുണ്ട്. കെൽട്രോൺ 12.12.2019 ന് നം. MKTG/PPD/ 19-20 കത്ത് പ്രകാരം പ്രൊഫോർമ ഇൻവോയ്സ് സമർപ്പിച്ചു. പ്രൊഫോർമ ഇൻവോയ്സ് നം.KCCL/ MKTG/ P.Inv00158, തിയ്യതി 12.12.2019 പ്രകാരം 81000/- രൂപയാണ് പ്രൊഫോർമ പ്രകാരം ഒരു യൂണിറ്റിന്റെ വില. ആകെ 4,05,000/- രൂപ മുൻകൂറായി നൽകണമെന്നും കത്തിൽ ആവശ്യപ്പെട്ടിട്ടുണ്ട്. അതനുസരിച്ച് ആകെ 4,05,000/- രൂപ ബിൽ നം.15/19-20/ 25.1.2020 പ്രകാരം കെൽട്രോണിന് കൈമാറി. (അക്കൗണ്ട് നം.10643438201/SBI). ഇൻവോയ്സ് നം.പി. 43. എസ്/ തിയ്യതി 24.12.2019 പ്രകാരം 5 ഹീറോ മാസ്റ്റിറോ എഡ്ജ് സ്കൂട്ടറുകൾ കെൽട്രോൺ വിതരണം ചെയ്തു.

തെരെഞ്ഞെടുത്ത ഗുണഭോക്താക്കൾക്ക് 19.9.2019 ന് മെഡിക്കൽ ക്യാമ്പ് നടത്തിയാണ് അന്തിമ പട്ടിക തയ്യാറാക്കിയത്. 27.11.2019 ലെ തീരുമാനം നം.7(1) പ്രകാരം യോഗ്യരായ 5 ഗുണഭോക്താക്കളെ തെരെഞ്ഞെടുത്തത് അംഗീകരിച്ചു. അത് പ്രകാരം താഴെപ്പറയുന്ന 5 പേർക്ക് സ്കൂട്ടറുകൾ വിതരണം ചെയ്തു.

1.സമീറ.കെ.കെ, ഫൈസൽ മൻസിൽ, കളനാട്

2.എം.രാമകൃഷ്ണൻ, പടിഞ്ഞാറെ വീട്, ചെമ്മനാട്

3.ഷംസുദ്ദീൻ, കനിയടുക്കം, തെക്കിൽ

4.അബൂബക്കർ, ചാപ്പ, കളനാട്

5.മൊയ്തീൻ.സി.കെ, ചാത്തംകൈ, ചന്ദ്രഗിരി

ഈ പദ്ധതി നടപ്പിലാക്കിയതുമായി ബന്ധപ്പെട്ട് താഴെപ്പറയുന്ന രേഖകൾ ഓഡിറ്റ് പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.

1.കെൽട്രോണിൽ നിന്നും നേരിട്ട് വാങ്ങുന്നതിന് ഭരണസമിതി അംഗീകാരം നൽകിയ തീരുമാനം, കെൽട്രോൺ സമർപ്പിച്ച പ്രൊഫോർമ ഇൻവോയ്സ് ഭരണസമിതി അംഗീകരിച്ചതിന്റെ രേഖകൾ പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.

2.ഈ പദ്ധതി നടപ്പിലാക്കിയതുമായി ബന്ധപ്പെട്ട് 5 ഗുണഭോക്താക്കളുടെ ഡ്രൈവിംഗ് ലൈസൻസിന്റെ പകർപ്പ്, ഷംസുദ്ദീൻ, കനിയടുക്കം, തെക്കില്, മൊയ്തീൻ.സി.കെ, ചാത്തംകൈ, ചന്ദ്രഗിരി എന്നീ 2 ഗുണഭോക്താക്കളുടെ ആർ.സി. യുടെ പകർപ്പ് എന്നിവ ഓഡിറ്റ് പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.

ഓഡിറ്റ് എൻക്വയറി നം.17/22.11.2021 പ്രകാരം രേഖകൾ ഹാജരാക്കാൻ ആവശ്യപ്പെട്ടതിന് 22.11.21 ന് മറുപടി നൽകിയിട്ടുണ്ട്. രേഖകൾ ഹാജരാക്കുമെന്നാണ് മറുപടി നൽകിയിരിക്കുന്നത്, അതുവരെ ചെലവ് തുക 4,05,000/- രൂപ ഓഡിറ്റിൽ തടസ്സത്തിൽ വെക്കുന്നു.

1-17 ഭിന്നശേഷിയുള്ളവർക്ക് സൈഡ് വീൽ സ്കൂട്ടർ നടപ്പാക്കിയതിലെ അപാകത

നിർവ്വഹണ ഉദ്യോഗസ്ഥ - ഐ.സി.ഡി.എസ് സൂപ്പർവൈസർ

പ്രൊജക്ട് നം.0254/19-20

അടങ്കൽ - 3,75,000/-രൂപ

ചെലവ് - 3,75,000/-രൂപ

ബിൽ നം.01/19-20/ 10.5.2019 - തുക 3,75,000/-രൂപ

2018-19 വർഷത്തിൽ നടപ്പിലാക്കാൻ രൂപീകരിച്ച ഈ പദ്ധതി ആ വർഷം നടപ്പിലാക്കിയില്ല. 2019-20 വർഷത്തിൽ സ്പിൽ ഓവർ ആയി ഈ പദ്ധതി നടപ്പിലാക്കി. ഈ പദ്ധതിക്കായി കെൽട്രോൺ കണ്ണൂരിൽ നിന്ന് അഞ്ച് ഹീറോ മാസ്റ്റിറോ എഡ്ജ് സ്കൂട്ടറുകൾ വാങ്ങി വിതരണം നടത്തിയിട്ടുണ്ട്. ഇൻവോയ്സ് നം. P-109R/ തിയ്യതി 28.2.2019 പ്രകാരമാണ് കെൽട്രോൺ കണ്ണൂർ സ്കൂട്ടർ വിതരണം ചെയ്തത്. 81000/- രൂപയാണ് പ്രൊഫോർമ പ്രകാരം ഒരു യൂണിറ്റിന്റെ വില. ആകെ 4,05,000/- രൂപ. ബിൽ നം.01/19-20 /10.5.2019 പ്രകാരം 3,75,000/- രൂപ കെൽട്രോണിന് കൈമാറിയിട്ടുണ്ട്. (അക്കൗണ്ട് നം. 10643438201/SBI). ഈ പദ്ധതി നടപ്പിലാക്കിയതുമായി ബന്ധപ്പെട്ട ഫയലിൽ തീരുമാനത്തിന്റെ പകർപ്പ് ഉണ്ട് അതിൽ അജണ്ട (13), തീരുമാനം നം. (1) പ്രകാരം (തിയ്യതി പകർപ്പിൽ ഇല്ല ) 25.1.2019 ന് ചട്ടഞ്ചാൽ പി.എച്ച്.സി. യിൽ വെച്ച് നടത്തിയ മെഡിക്കൽ ക്യാമ്പിൽ വച്ച് 17 ഗുണഭോക്താക്കളെ തെരെഞ്ഞെടുത്തു, അതിൽ താഴെപ്പറയുന്ന 5 പേരെ മുൻഗണനാ ക്രമത്തിൽ തെരെഞ്ഞെടുത്തു.

1.സമീർ ഇബ്രാഹിം.ടി, ബി.ടി.ഹൗസ്, ചട്ടഞ്ചാൽ

2.മധുസൂദനന.എ, കുണ്ട്യങ്ങാന, പെരുമ്പള

3.അരുണ.കെ, കീഴൂർബീച്ച്, ചന്ദ്രഗിരി

4.ഇബ്രാഹിം.എം, കുളിക്കുന്ന്, തെക്കിൽ

5.അമീർ ഹംസ.എ, ബഡക്കംബത്ത് ഹൗസ്, ചെമ്മനാട്

ഈ തീരുമാനത്തിൽ തന്നെ നിലവിൽ ഒരു സ്കൂട്ടറിന്റെ വില 75000/- രൂപയിൽ നിന്ന് 81000/- രൂപയായി വർദ്ധിപ്പിച്ചു എന്നും അതിനാൽ തെരെഞ്ഞെടുത്ത 5 ഗുണഭോക്താക്കളിൽ നിന്നും 6000/- രൂപ ഗുണഭോക്തൃ വിഹിതമായി പിരിച്ചെടുക്കാനും തീരുമാനിച്ചിട്ടുണ്ട്. ഈ പദ്ധതി നടപ്പിലാക്കിയതുമായി ബന്ധപ്പെട്ട് താഴെപ്പറയുന്ന രേഖകൾ ഓഡിറ്റ് പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.

1.കെൽട്രോണിൽ നിന്നും നേരിട്ട് വാങ്ങുന്നതിന് ഭരണസമിതി അംഗീകാരം നൽകിയതിന്റെ രേഖകൾ പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.

2.കെൽട്രോൺ 2018-19 വർഷത്തിൽ സമർപ്പിച്ച പ്രൊഫോർമ ഇൻവോയ്സിൽ 75000/- രൂപയാണ് സ്കൂട്ടറിന്റെ വില എന്ന് പറയുന്നു, പിന്നീട് 2019-20 ൽ പദ്ധതി നടപ്പിലാക്കുമ്പോൾ വില 81000/- രൂപയായി വർദ്ധിച്ചു. രണ്ട് പ്രൊഫോർമ ഇൻവോയ്സുകളും പരിശോധനക്ക് ഹാജരാക്കേണ്ടതാണ്. ഇതിന് ഭരണസമിതി അംഗീകാരം നൽകിയതിന്റെ രേഖകൾ പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.

3.ഈ പദ്ധതി നടപ്പിലാക്കിയ ഫയലിൽ തീരുമാനത്തിന്റെ പകർപ്പ് ഉണ്ട് അതിൽ അടങ്കൽ 3,75,000/-രൂപ മാത്രമാണ്, സ്കൂട്ടർ വില 75000/- ൽ നിന്നും വില 81000/-രൂപയായി വർദ്ധിപ്പിച്ചതിനാൽ 6000/-രൂപ 5 ഗുണഭോക്താക്കളിൽ നിന്നും ഗുണഭോക്തൃവിഹിതമായി പിരിക്കാം എന്ന് തീരുമാനിച്ചിട്ടുണ്ട്. ഗുണഭോക്തൃവിഹിതം പിരിച്ചടുത്തതിന്റെ രേഖകൾ പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.

4.പദ്ധതി മാർഗ്ഗരേഖ പ്രകാരം 100% സബസിഡിയാണ് ഈ പദ്ധതിക്ക് കൃത്യമായ തുക വകയിരുത്താതെ ഈ പദ്ധതിക്ക് ഗുണഭോക്തൃ വിഹിതം പിരിച്ചടുത്തതിന് വിശദീകരണം നൽകേണ്ടതാണ്.

5.ഈ പദ്ധതി നടപ്പിലാക്കിയതുമായി ബന്ധപ്പെട്ട് 5 ഗുണഭോക്താക്കളിൽ സമീർ ഇബ്രാഹിം.ടി,

ബി.ടി.ഹൗസ്, ചട്ടഞ്ചാൽ, അരുണ.കെ, കീഴൂർബീച്ച്, ചന്ദ്രഗിരി എന്നീ 2 ഗുണഭോക്താക്കളുടെ ഡ്രൈവിംഗ് ലൈസൻസിന്റെ പകർപ്പ് ഓഡിറ്റ് പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.

ഓഡിറ്റ് എൻക്വയറി നം.18/22.11.2021 പ്രകാരം രേഖകൾ ഹാജരാക്കാൻ ആവശ്യപ്പെട്ടതിന് 22.11.21 ന് മറുപടി നൽകിയിട്ടുണ്ട്. രേഖകൾ ഹാജരാക്കുമെന്നാണ് മറുപടി നൽകിയിരിക്കുന്നത്, അതുവരെ ചെലവ് തുക 3,75,000/- രൂപ ഓഡിറ്റിൽ തടസ്സത്തിൽ വെക്കുന്നു.

1-18 ടി.ആർ 7-എ ക്യാഷ് ബുക്ക് എഴുതി സൂക്ഷിക്കുന്നില്ല.

ധനകാര്യവകുപ്പിന്റെ 12.04.2006- ലെ ജി.ഒ. (പി). നമ്പർ .177/2006/ഫിൻ/ ഉത്തരവ് പ്രകാരം , നിർവഹണോദ്യോഗസ്ഥർ ടി.ആർ 7-എ ക്യാഷ് ബുക്കിൽ ഡിപ്പാർട്ട്മെന്റ് ഫണ്ടിന്റെയും തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിൽ നിന്നുള്ള ഫണ്ടിന്റെയും വരവ് ചെലവ് കണക്ക് രേഖപ്പെടുത്തേണ്ടതാണ്. . എന്നാൽ നിർവ്വഹണ ഉദ്യോഗസ്ഥനായ വെറ്റിനറി സർജ്ജൻ , ഉത്തരവ് പ്രകാരമുള്ള ക്യാഷ് ബുക്ക് എഴുതി സൂക്ഷിച്ചിട്ടില്ല.. 12-04-2006 ലെ 177/2006-ാം നം ഉത്തരവ് പ്രകാരം ഖ.26.6 പ്രകാരം അനുബന്ധം ബി. V-ൽ പ്രോജക്റ്റ് രജിസ്റ്റർ സൂക്ഷിക്കേണ്ടതാണ്. തൻവർഷം വിവിധ പ്രോജക്ടുകൾ നടപ്പിലാക്കിയിട്ടുണ്ടെങ്കിലും നിർദ്ദിഷ്ട മാതൃകയിലുള്ള പ്രോജക്റ്റ് രജിസ്റ്റർ എഴുതി സൂക്ഷിച്ചിട്ടില്ല. എല്ലാ നിർവഹണോദ്യോഗസ്ഥരും ടി.ആർ 7-എ ക്യാഷ്ബുക്ക്, പ്രോജക്ട് രജിസ്റ്റർ എന്നിവ സൂക്ഷിക്കുന്നുണ്ടെന്ന് ഉറപ്പാക്കേണ്ടതാണ്.

1-18 - 1 ടി.ആർ 7-എ ക്യാഷ് ബുക്ക് എഴുതി സൂക്ഷിക്കുന്നില്ല.

ധനകാര്യവകുപ്പിന്റെ 12.04.2006- ലെ ജി.ഒ. (പി). നമ്പർ .177/2006/ഫിൻ/ ഉത്തരവ് പ്രകാരം , നിർവഹണോദ്യോഗസ്ഥർ ടി.ആർ 7-എ ക്യാഷ് ബുക്കിൽ ഡിപ്പാർട്ട്മെന്റ് ഫണ്ടിന്റെയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നുള്ള ഫണ്ടിന്റെയും വരവ് ചെലവ് കണക്ക് രേഖപ്പെടുത്തേണ്ടതാണ്. .എന്നാൽ നിർവ്വഹണ ഉദ്യോഗസ്ഥനായ ഹെഡ്മാസ്റ്റർ ഉത്തരവ് പ്രകാരമുള്ള ക്യാഷ് ബുക്ക് ഉപയോഗിച്ചിട്ടില്ല. 12-04-2006 ലെ 177/2006-ാം നം ഉത്തരവ് പ്രകാരം ഖ.26.6 പ്രകാരം അനുബന്ധം ബി. V-ൽ പ്രോജക്റ്റ് രജിസ്റ്റർ സൂക്ഷിക്കേണ്ടതാണ്.തൻവർഷം വിവിധ പ്രോജക്ടുകൾ നടപ്പിലാക്കിയിട്ടുണ്ടെങ്കിലും നിർദ്ദിഷ്ട മാതൃകയിലുള്ള പ്രോജക്റ്റ് രജിസ്റ്റർ എഴുതി സൂക്ഷിച്ചിട്ടില്ല. എല്ലാ നിർവഹണോദ്യോഗസ്ഥരും ടി.ആർ 7-എ ക്യാഷ്ബുക്ക്, പ്രോജക്ട് രജിസ്റ്റർ എന്നിവ സൂക്ഷിക്കുന്നുണ്ടെന്ന് ഉറപ്പാക്കേണ്ടതാണ്.

1-19 കൃഷി ഓഫീസർ നടപ്പിലാക്കിയ പദ്ധതി നടത്തിപ്പിലെ രേഖകളുടെ സൂക്ഷിപ്പിലെ അപാകത ചുവടെ ചേർക്കുന്നു.

2019-20 വർഷം കൃഷി ഓഫീസർ നടപ്പിലാക്കിയ പദ്ധതി നടത്തിപ്പിലെ രേഖകളുടെ സൂക്ഷിപ്പിലെ അപാകത ചുവടെ ചേർക്കുന്നു.

| നിർവ്വഹണ ഉദ്യോഗസ്ഥൻ | | | | കൃഷി ഓഫീസർ | | |
|---|---|---|---|---|---|---|
| ക്രമ നമ്പർ | അടങ്കൽ തുക | ചെലവ് തുക | ബിൽ നമ്പർ /തിയ്യതി | ഫണ്ട് ഇനം | പ്രൊജക്റ്റ് നമ്പർ | പ്രൊജക്റ്റിന്റെ പേര് |
| 1 | 4,25,000 രൂപ | 4,25,000 രൂപ | 3/3019-20 തിയ്യതി 20.1.2020 | വികസന ഫണ്ട് ജനറൽ | 0011/ 2019-20 | നെൽ കൃഷി വികസനം- നെൽ കൃഷി കൂലിച്ചെലവ് |
| 2 | 4,25,000 രൂപ | 4,25,000 രൂപ | 9/2019-20 തിയ്യതി | ജില്ലാ പഞ്ചായത്ത് | | |

| | | | | | |
|---|---|---|---|---|---|
| | | | 14.02.2020 | വിഹിതം | |
| ആകെ | 8,50,000 | | | | |

2019-20 വർഷം കൃഷി ഓഫീസർ നടപ്പിലാക്കിയ നെൽ കൃഷി വികസനം കൃഷി ഓഫീസർ എന്നീ പദ്ധതികൾ പ്രകാരം , ആകെ 8,50,000 രൂപ ചെലവഴിച്ചിട്ടുണ്ട്. പദ്ധതി നടത്തിപ്പിൽ രേഖകളുടെ സൂക്ഷിപ്പിലെ അപാകത ചുവടെ ചേർക്കുന്നു.

ജി.ഒ. (എം.എസ്) 22/2018 ത.സ്വ.ഭ.വ. തിയ്യതി 14-02-2018 പ്രകാരമുള്ള സബ്സിഡി മാർഗ്ഗ രേഖയിലെ ഖണ്ഡിക 6.1.6, അതിനോടൊന്നിച്ചുള്ള കുറിപ്പ് എന്നിവയിൽ പരാമർശിച്ചിട്ടുള്ള ചുവടെ ചേർത്ത നിർദ്ദേശങ്ങൾ പാലിച്ചിട്ടില്ല.

(1) കൃഷി ചെയ്യുന്ന ഭൂമിയുടെ വിസ്തൃതി, കൃഷി ഓഫീസർ പരിശോധിച്ചതുമായി ബന്ധപ്പെട്ട നിർവ്വഹണ ഉദ്യോഗസ്ഥന്റെ പരിശോധന സാക്ഷ്യപത്രം അപേക്ഷകളോടൊപ്പം സൂക്ഷിച്ചിട്ടില്ല.

(2) വ്യക്തിഗത അപേക്ഷകളിൽ വർക്കിംഗ് ഗ്രൂപ്പ് കൺവീനർ, ചെയർമാൻ, ബന്ധപ്പെട്ട ഉദ്യോഗസ്ഥർ എന്നിവർ പരിശോധന നടത്തി കൃഷി ചെയ്തിട്ടുണ്ടെന്ന് സാക്ഷ്യപ്പെടുത്തിയിട്ടില്ല.

(3) നടീൽ, കൊയ്ത്ത് /വിളവെടുപ്പ് എന്നിവയൊഴികെയുള്ള പ്രവർത്തനങ്ങളിൽ മഹാത്മഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ സാധ്യതകൾ പരമാവധി പ്രയോജനപ്പെടുത്തേണ്ടതാണ്.

പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട സർക്കാർ മാർഗ്ഗ നിർദ്ദേശങ്ങൾ കൃത്യമായി പാലിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ് .

1-20 തൊഴിലുറപ്പ് പദ്ധതി മെറ്റീരിയൽ പർച്ചേസ് -സ്രോതസ്സിൽ നിന്നും കുറവ് ചെയ്യേണ്ട നികുതികൾ കുറവ് ചെയ്യാതെ പേമെന്റ് നടത്തി.

2017 ലെ സെൻട്രൽ ഗുഡ്സ് &സർവ്വീസസ് ടാക്സ് ആക്ടിലെ വകുപ്പ് 51, കേന്ദ്ര സർക്കാരിന്റെ Central Board Of Indirect Taxes And Customsന്റെ 13.9.2018 ലെ 50/2018 നമ്പർ നോട്ടിഫിക്കേഷൻ, കേന്ദ്ര റവന്യൂ വകുപ്പിന്റെ 14.9.2018 ലെ സർക്കുലർ നം .65/39/2018- DOR എന്നിവ പ്രകാരം 2,50,000/- രൂപയിൽ അധികരിക്കുന്ന കരാർ തുകകൾ നൽകുമ്പോൾ 2% ജി.എസ്.ടി. സ്രോതസ്സിൽ നിന്നും കുറവ് ചെയ്ത് ഒടുക്കേണ്ടതുണ്ട്. ചെമ്മനാട് ഗ്രാമപഞ്ചായത്തിൽ ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ നടപ്പിലാക്കിയ പ്രവൃത്തികളിൽ മെറ്റീരിയൽ പർച്ചേസ് ഇനത്തിൽ 2,50,000/- രൂപ അധികരിക്കുന്ന പേമെന്റുകൾ നടത്തിയപ്പോൾ 2% ജി.എസ്.ടി. കിഴിവ് നടത്തിയതായി കാണുന്നില്ല. കൂടാതെ 1961 ലെ ആദായ നികുതി നിയമത്തിലെ വകുപ്പ് 194 സി പ്രകാരം ഒരു സാമ്പത്തിക വർഷം ഒരു കരാറിൽ 30,000/- രൂപയിൽ അധികരിക്കുന്ന പേമെന്റ് കരാറുകാരന് നൽകുമ്പോൾ 1% തുക (സ്ഥാപനം -2%) സ്രോതസ്സിൽ നിന്നും ആദായനികുതി ഇനത്തിൽ കിഴിവ് നടത്തി ഒടുക്കേണ്ടതുണ്ട്.

ചെമ്മനാട് ഗ്രാമപഞ്ചായത്തിൽ 2019-20 വർഷത്തിൽ ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ നടപ്പിലാക്കിയ പ്രവർത്തികളിൽ മെറ്റീരിയൽ പർച്ചേസിന് ജി.എസ്.ടി., ആദായ നികുതി ഇനത്തിൽ ഈടാക്കേണ്ട തുകകൾ സംബന്ധിച്ച വിശദവിവരം താഴെപ്പറയുന്നു.

| ക്രമ നം. | പ്രവർത്തിയുടെ പേര് | മെറ്റീരിയൽ പർച്ചേസ് തുക | FTO നം./തിയ്യതി | കരാറുകാരന്റെ പേര് | ഈടാക്കേണ്ട ജി.എസ്.ടി. @2% | ഈടാക്കേണ്ട ആദായ നികുതി @ 1% |
|---|---|---|---|---|---|---|
| 1 | നെരപ്പനാടി വലിയവളപ്പ് | 408172/- | 607296/27.2.20 | മുഹമ്മദ് സിറാജുദ്ദീൻ | 8163/- | 4082/- |

| | | | | | | |
|---|---|---|---|---|---|---|
| | റോഡ് കോൺക്രീറ്റ് | | | | | |
| 2 | ആരിഫ ക്വാർട്ടേഴ്സ് -ഉളികൻ സ്ഥാനം റോഡ് കോൺക്രീറ്റ് | 328396/- | 434490/18.12.19 | മുഹമ്മദ് സിറാജുദ്ദീൻ | 6568/- | 3284/- |
| 3 | അണിഞ്ഞ കുണ്ടടുക്കം എയ്യാല റോഡ് കോൺക്രീറ്റ് | 402055/- | 317643/31.10.19 | മുഹമ്മദ് സിറാജുദ്ദീൻ | 8041/- | 4021/- |
| 4 | ലക്ഷംവീട് കോളനി റോഡ് കോൺക്രീറ്റ് | 384312/- | 6018/6.3.2020 | മുഹമ്മദ് സിറാജുദ്ദീൻ | 7686/- | 3843/- |
| 5 | കോടങ്കൈ -വണ്ണിയാർമൂല പള്ളിപ്പുറം റോഡ് കോൺക്രീറ്റ് | 337162/- | 535300/29.1.20 | മുഹമ്മദ് സിറാജുദ്ദീൻ | 6743/- | 3372/- |
| 6 | കുണ്ട -പ്ലാത്തൊട്ടി റോഡ് കോൺക്രീറ്റ് | 378382/- | 703621/31.3.20 | മുഹമ്മദ് സിറാജുദ്ദീൻ | 7568/- | 3784/- |
| 7 | കുഞ്ഞടുക്കം-കുളങ്ങര റോഡ് കോൺക്രീറ്റ് | 378382 | 703895/30.3.20 | മുഹമ്മദ് സിറാജുദ്ദീൻ | 7568/- | 3784/- |
| 8 | മൈലാട്ടി രാജീവ് ഗാന്ധി കോളനി റോഡ് കോൺക്രീറ്റ് | 400470/- | 741753/10.2.20 | മുഹമ്മദ് സിറാജുദ്ദീൻ | 8009/- | 4005/- |
| 9 | മാനക്കോത്ത് ഇടയക്കൽ റോഡ് കോൺക്രീറ്റ് | 365270/- | 6031/6.3.20 | മുഹമ്മദ് സിറാജുദ്ദീൻ | 7305/- | 3653/- |
| | | | | ആകെ | 67651/- | 33828/- |

ഈ പ്രവൃത്തികളിൽ ജി.എസ്.ടി., ആദായ നികുതി ഇനത്തിൽ ഈടാക്കേണ്ട ആകെ 1,01,479/-രൂപ ഈടാക്കിയിട്ടുണ്ടെങ്കിൽ വിശദ വിവരങ്ങൾ ഓഡിറ്റ് പരിശോധനക്ക് ഹാജരാക്കണമെന്ന് ഓഡിറ്റ് എൻക്വയറി നം.19/22.11.2021 പ്രകാരം ആവശ്യപ്പെട്ടതിന് മറുപടി നൽകിയിട്ടില്ല. തുക ഈടാക്കി ബന്ധപ്പെട്ട വകുപ്പുകളിൽ ഒടുക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

1-21 കൃഷി ഓഫീസർ നടപ്പിലാക്കിയ പദ്ധതി നടത്തിപ്പിലെ അപാകത ചുവടെ ചേർക്കുന്നു.

| നിർവ്വഹണ ഉദ്യോഗസ്ഥൻ | | | | കൃഷി ഓഫീസർ | | |
|---|---|---|---|---|---|---|
| ക്രമ നമ്പർ | അടങ്കൽ തുക | ചെലവ് തുക | വൗച്ചർ നമ്പർ /തിയ്യതി | ഫണ്ട് ഇനം | പ്രൊജക്ട് നമ്പർ | പ്രൊജക്ടിന്റെ പേര് |
| 1 | 1,97,400 രൂപ | 1,67,580 രൂപ | 21900564 തിയ്യതി 29.10.2019 | തനതു ഫണ്ട് | 0007/2019-20 | നെൽ കൃഷി വികസനം - നെൽ വിത്ത് വിതരണം |
| ആകെ | 1,67,580 രൂപ | | | | | |

2019-20 വർഷം , കൃഷി ഓഫീസർ നടപ്പിലാക്കിയ നെൽ കൃഷി വികസനം നെൽ വിത്ത് വിതരണം പദ്ധതി പ്രകാരം , ആകെ 1,67,580/- രൂപ കേരളാ സ്റ്റേറ്റ് സീഡ് ഡവലപ്മെൻറ് അതോറിറ്റി (തൃശ്ശൂർ) യുടെ 67252297994-ാം അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെലയ്യിട്ടുണ്ട്. കേരളാ സ്റ്റേറ്റ് സീഡ് ഡവലപ്മെൻറ് അതോറിറ്റിയിൽ നിന്നും കിലോയ്ക്ക് 42/- രൂപ നിരക്കിൽ 140 കിലോഗ്രാം നെൽ വിത്ത് ഗുണഭോക്താക്കൾക്ക് സ്റ്റോക്ക് രജിസ്റ്റർ പ്രകാരം വിതരണം ചെയ്തിട്ടുണ്ട്. പദ്ധതി നടത്തിപ്പിലെ അപാകത ചുവടെ ചേർക്കുന്നു.

ജി.ഒ. (എം.എസ്) 22/2018 ത.സ്വ.ഭ.വ. തിയ്യതി 14-02-2018 പ്രകാരമുള്ള സബ്സിഡി മാർഗ്ഗ രേഖയിലെ ഖണ്ഡിക 6.1.6, അതിനോടൊന്നിച്ചുള്ള കുറിപ്പ് എന്നിവയിൽ പരാമർശിച്ചിട്ടുള്ള ചുവടെ ചേർത്ത നിർദ്ദേശങ്ങൾ പാലിച്ചിട്ടില്ല.

(1) വിത്തിന്റെ ഗുണമേന്മ പരിശോധന റിപ്പോർട്ട് .

(2) കൃഷി ചെയ്യുന്ന ഭൂമിയുടെ വിസ്തൃതി, കൃഷി ഓഫീസർ പരിശോധിച്ചതിന്റെ പരിശോധന സാക്ഷ്യപത്രം അപേക്ഷകളോടൊപ്പം സൂക്ഷിച്ചിട്ടില്ല.

(3) വ്യക്തിഗത അപേക്ഷകളിൽ വർക്കിംഗ് ഗ്രൂപ്പ് കൺവീനർ, ചെയർമാൻ, ബന്ധപ്പെട്ട ഉദ്യോഗസ്ഥർ എന്നിവർ പരിശോധന നടത്തി കൃഷി ചെയ്തിട്ടുണ്ടെന്ന് സാക്ഷ്യപ്പെടുത്തിയിട്ടില്ല.

(4) നടീൽ, കൊയ്ത്ത് /വിളവെട്ടുപ്പ് എന്നിവയൊഴികെയുള്ള പ്രവർത്തനങ്ങളിൽ മഹാത്മഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ സാധ്യതകൾ പരമാവധി പ്രയോജനപ്പെടുത്തേണ്ടതാണ്.

പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട സർക്കാർ മാർഗ്ഗ നിർദ്ദേശങ്ങൾ കൃത്യമായി പാലിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ് .

1-22 വെറ്ററിനറി സർജ്ജൻ നടപ്പിലാക്കിയ പദ്ധതി നടത്തിപ്പിലെ അപാകതകൾ

2019-20-ൽ വെറ്ററിനറി സർജ്ജൻ നടപ്പിലാക്കിയ പദ്ധതി നടത്തിപ്പിലെ അപാകത ചുവടെ ചേർക്കുന്നു.

| നിർവ്വഹണ ഉദ്യോഗസ്ഥൻ | | | | വെറ്ററിനറി സർജ്ജൻ | | |
|---|---|---|---|---|---|---|
| ക്രമ നമ്പർ | അടങ്കൽ തുക | ചെലവ് തുക | ചെക്ക് നമ്പർ /തിയ്യതി | ഫണ്ട് ഇനം | പ്രൊജക്ട് നമ്പർ | പ്രൊജക്റ്റിന്റെ പേര് |
| 1 | 2,00,000 രൂപ | 1,00,000 രൂപ | SB/XY NO: 5272634 തിയ്യതി 20.12.2019 | തനതു ഫണ്ട് | 0234/20 | എ.ബി.സി.പ്രോഗ്രാം |
| ആകെ | 1,00,000 രൂപ | | | | | |

2019-20 വർഷം വെറ്ററിനറി സർജ്ജൻ നടപ്പിലാക്കിയ എ.ബി.സി.പ്രോഗ്രാം പ്രകാരം , ആകെ 1,00,000/- രൂപ ചെലവഴിച്ചിട്ടുണ്ട്. പദ്ധതി പ്രകാരം തെരുവ് പട്ടികളുടെ വന്ധീകരണം നടപ്പിലാക്കുന്നതിനു വേണ്ടിയാണ് മൃഗ സംരക്ഷണ വകുപ്പ് ജില്ലാ ഡെപ്യൂട്ടി ഡയറക്ടർക്ക് തുക കൈമാറിയിരിക്കുന്നത്. പദ്ധതി നടത്തിപ്പിലാക്കുന്നതിനായി മൃഗ സംരക്ഷണ വകുപ്പ് ജില്ലാ ഡെപ്യൂട്ടി ഡയറക്ടറുടെ 720011400000239-ാം നമ്പർ അക്കൗണ്ടിലേക്ക് 1,00,000/- രൂപ ട്രാൻസ്ഫർ ചെയ്തിട്ടുണ്ട്. എന്നാൽ മേൽ പദ്ധതിക്കുവേണ്ടി തന്നെയാണ് തുക ചെലവഴിച്ചിരിക്കുന്നതെന്നുള്ള സാക്ഷ്യപത്രം, മൃഗസംരക്ഷണ വകുപ്പ് ജില്ലാ ഡെപ്യൂട്ടി ഡയറക്ടറിൽ നിന്നും പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. മൃഗസംരക്ഷണ വകുപ്പ് ജില്ലാ ഡെപ്യൂട്ടി ഡയറക്ടറിൽ നിന്നും, വിനിയോഗ സാക്ഷ്യ പത്രം ലഭ്യമാക്കി , പദ്ധതി നടത്തിപ്പിലെ അപാകത പരിഹരിക്കേണ്ടതാണ്.

## 1-23 വെറ്ററിനറി സർജ്ജൻ നടപ്പിലാക്കിയ കന്നുകുട്ടി പരിപാലനം പദ്ധതി നടത്തിപ്പിലെ അപാകത

| നിർവ്വഹണ ഉദ്യോഗസ്ഥൻ | | | | വെറ്ററിനറി സർജ്ജൻ | | |
|---|---|---|---|---|---|---|
| ക്രമ നമ്പർ | അടങ്കൽ തുക | ചെലവ് തുക | ബിൽ നമ്പർ /തിയ്യതി | ഫണ്ട് ഇനം | പ്രൊജക്ട് നമ്പർ | പ്രൊജക്റ്റിന്റെ പേര് |
| 1 | 3,75,000 രൂപ | 3,75,000 രൂപ | 08/2019-20 തിയ്യതി 18.02.2020 | വികസ ന ഫണ്ട് (ജനറൽ ) | 0045/2019-20 | കന്നുകുട്ടി പരിപാലനം |
| ആകെ | 3,75,000 രൂപ | | | | | |

2019-20 വർഷം വെറ്ററിനറി സർജ്ജൻ നടപ്പിലാക്കിയ കന്നുകുട്ടി പരിപാലനം പദ്ധതി പ്രകാരം , ആകെ 3,75,000/- രൂപ ചെലവഴിച്ചിട്ടുണ്ട്. പദ്ധതി പ്രകാരം കന്നുകുട്ടി പരിപാലനം നടപ്പിലാക്കുന്നതിനു വേണ്ടിയാണ് മൃഗസംരക്ഷണ വകുപ്പ് ജില്ലാ ഡെപ്യൂട്ടി ഡയറക്ടർക്ക് തുക കൈമാറിയിരിക്കുന്നത്. പദ്ധതി നടപ്പിലാക്കുന്നതിനായി മൃഗസംരക്ഷണ വകുപ്പ് ജില്ലാ ഡെപ്യൂട്ടി ഡയറക്ടറുടെ 720011400000239 -ാം നമ്പർ അക്കൗണ്ടിലേക്ക് 3,75,000/- രൂപ ട്രാൻസ്ഫർ ചെയ്തിട്ടുണ്ട്. എന്നാൽ മേൽ പദ്ധതിക്കു വേണ്ടി തന്നെയാണ് തുക ചെലവഴിച്ചിരിക്കുന്നതെന്നുള്ള സാക്ഷ്യപത്രം, മൃഗസംരക്ഷണ വകുപ്പ് ജില്ലാ ഡെപ്യൂട്ടി ഡയറക്ടറിൽ നിന്നും പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. രേഖകളുടെ അഭാവത്തിൽ ചെലവു തുകയായ 3,75,000/- രൂപ തടസ്സത്തിൽ വെക്കുന്നു. മൃഗസംരക്ഷണ വകുപ്പ് ജില്ലാ ഡെപ്യൂട്ടി ഡയറക്ടറിൽ നിന്നും വിനിയോഗ സാക്ഷ്യ പത്രം ലഭ്യമാക്കേണ്ടതാണ്.

1-24 ട്യൂട്ടോറിയൽ സ്ഥാപനങ്ങളുടെ രജിസ്ട്രേഷൻ- ചട്ടങ്ങൾ പാലിക്കുന്നില്ല.

1999 ലെ കേരള പഞ്ചായത്ത് രാജ് (ട്യൂട്ടോറിയൽ സ്ഥാപനങ്ങളുടെ രജിസ്ട്രേഷൻ) ചട്ടങ്ങൾ ചട്ടം 3(2)പ്രകാരം ഒരു ഒരു ട്യൂട്ടോറിയൽ സ്ഥാപനം ഗ്രാമപഞ്ചായത്തിൽ രജിസ്റ്റർ ചെയ്യുന്നതിനുള്ള അപേക്ഷ ഫോറം 1 ൽ പ്രസ്തുത സ്ഥാപനം ആരംഭിക്കുന്നതിനു പതിനഞ്ചു ദിവസത്തിൽ കുറയാത്ത കാലയളവിനു മുൻപായി അതു നടത്താൻ ഉദ്ദേശിക്കുന്ന ആളോ, നടത്താൻ ചുമതലപ്പെട്ടിട്ടുള്ള ആളോ ഇരുന്നൂറ് രൂപ രജിസ്ട്രേഷൻ ഫീസ് സഹിതം, സെക്രട്ടറിക്കു സമർപ്പിക്കേണ്ടതാണ്. രജിസ്ട്രേഷൻ ഫീസോട് കൂടിയുള്ളതല്ലാത്ത ഏതൊരു അപേക്ഷയും സെക്രട്ടറി നിരസിക്കേണ്ടതാണ്. ചട്ടം 3(3) പ്രകാരം ട്യൂട്ടോറിയൽ സ്ഥാപനം രജിസ്റ്റർ ചെയ്യുന്നതിനുള്ള അപേക്ഷ സ്വീകരിച്ചാൽ ഒരാഴ്ചയ്ക്കകം സെക്രട്ടറിയോ അദ്ദേഹം അധികാരപ്പെടുത്തുന്ന ഉദ്യോഗസ്ഥനോ അപേക്ഷകൻ സ്ഥാപനം തുടങ്ങാൻ ഉദ്ദേശിക്കുന്ന സ്ഥലം സന്ദർശിച്ച് സ്ഥലത്തിന്റെ ശുചിത്വം, കെട്ടിത്തിന്റെ സുരക്ഷിതത്വം, അതിന്റെ തറവിസ്തീർണം , അദ്ധ്യാപകരുടേയും വിദ്യാർത്ഥികളുടേയും പ്രാഥമിക ആവശ്യങ്ങൾക്കുള്ള സൗകര്യം , അപേക്ഷയിൽ പറയുന്ന മറ്റ് വിവരങ്ങളുടെ നിജസ്ഥിതി എന്നിവ സംബന്ധിച്ച് അപേക്ഷയുടെ ബന്ധപ്പെട്ട ഭാഗത്ത് ഒരു അന്വേഷണ റിപ്പോർട്ട് എഴുതി തയ്യാറാക്കേണ്ടതാണ്. ചട്ടം 3(6) പ്രകാരം രജിസ്ട്രേഷൻ നൽകാൻ തീരുമാനിച്ച സ്ഥാപനത്തെ സംബന്ധിച്ച വിവരങ്ങൾ ഫോറം 2 ൽ ഉള്ള പ്രത്യേക രജിസ്റ്ററിൽ രേഖപ്പെടുത്തേണ്ടതും, അപ്രകാരം രേഖപ്പെടുത്തിക്കഴിഞ്ഞാൽ ആ സ്ഥാപനം രജിസ്റ്റർ ചെയ്യപ്പെട്ടതായി കണക്കാക്കേണ്ടതാണ്. ചട്ടം 5 പ്രകാരം ഒരു ഗ്രാമപഞ്ചായത്തിൽ രജിസ്റ്റർ ചെയ്തിട്ടുള്ള ട്യൂട്ടോറിയൽ സ്ഥാപനത്തിന്റെ രജിസ്ട്രേഷൻ അടുത്ത സാമ്പത്തിക വർഷം ആരംഭിക്കുന്നതിനു മുൻപായി പുതുക്കേണ്ടതും അപ്രകാരം പുതുക്കുന്നതിനുള്ള അപേക്ഷ ഫോറം 5 ൽ അൻപത് രൂപ രജിസ്ട്രേഷൻ പുതുക്കൽ ഫീസ് സഹിതം സെക്രട്ടറിക്ക് നൽകേണ്ടതും ആണ്.

2019-20 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രിക പ്രകാരം ഈ ഇനത്തിൽ 200/- രൂപയുടെ വരവ് രേഖപ്പെടുത്തിയിട്ടുണ്ട്.

എന്നാൽ മേൽ ചട്ടങ്ങൾ പ്രകാരമുള്ള നടപടികൾ ഒന്നും തന്നെ കൈക്കൊണ്ടിട്ടില്ല.

മേൽ വിഷയത്തിനു നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 11/17.11.2021 ന് പ്രത്യക രജിസ്റ്റർ തയ്യാറാക്കിയിട്ടില്ലെന്ന് മറുപടി ലഭിച്ചു.

ചട്ടങ്ങൾക്കു വിരുദ്ധമായി സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നത് ഗുരുതരവീഴ്ചയായി ഓഡിറ്റ് വിലയിരുത്തുന്നു. ചട്ടങ്ങൾ പ്രകാരമുള്ള നടപടികൾ കൈക്കൊണ്ട് ഗ്രാമപഞ്ചായത്തിന്റെ പരിധിയിലുള്ള മുഴുവൻ ട്യൂട്ടോറിയൽ സ്ഥാപനങ്ങളുടേയും രജിസ്ട്രേഷൻ ഉറപ്പുവരുത്തേണ്ടതാണ്. ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടേയും ഭരണ സമിതിയുടേയും ശ്രദ്ധ ഇക്കാര്യത്തിൽ ഉണ്ടാകേണ്ടതാണ്.

1-25 ബാങ്കിൽ നൽകിയിട്ടുള്ള ചെക്കുകളുടെ തുക നാളിതുവരെയും അക്കൗണ്ടിൽ വരവു വന്നിട്ടില്ല

2019-20 സാമ്പത്തിക വർഷത്തെ ബാങ്ക് റീക്കൺസിലിയേഷൻ റിപ്പോർട്ടിൽ പഞ്ചായത്തിനു ലഭിച്ചിട്ടുള്ള ചുവടെ പറയുന്ന ചെക്കുകൾ പ്രകാരമുള്ള തുക നാളിതുവരെയും വരവ് വന്നിട്ടില്ല.

| ബാങ്ക് | വൗച്ചർനം, തീയതി | ചെക്ക് നം | തീയതി | തുക | ആകെ |
|---|---|---|---|---|---|
| ടി.എസ്.ബി.(തനത് ഫണ്ട്) | 117010500080 | 6756563 | 27/03/2018 | 1250 | 49750 |
| | 118010500037 | 4426305 | 01/10/2018 | 5000 | |

മേൽ വിഷയത്തിനു സ്വീകരിച്ചിട്ടുള്ള തുടർ നടപടികൾ, ബന്ധപ്പെട്ട രജിസ്റ്റർ എന്നിവ പരിശോധനയ്ക്ക് ലഭ്യമാക്കുന്നതിനു നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 05/15.11.2021 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽ തുകകൾ സംബന്ധിച്ച് കൈക്കൊണ്ടിട്ടുള്ള തുടർനടപടികൾ ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

1-26 സ്വകാര്യ ആശുപത്രികൾ പാരാമെഡിക്കൽ സ്ഥാപനങ്ങൾ രജിസ്ട്രേഷൻ - ചട്ടങ്ങൾ പാലിക്കുന്നില്ല.

1997 ലെ കേരള പഞ്ചായത്ത് രാജ് (സ്വകാര്യ ആശുപത്രികളുടേയും സ്വകാര്യ പാരാമെഡിക്കൽ സ്ഥാപനങ്ങളുടേയും രജിസ്ട്രേഷൻ) ചട്ടങ്ങൾ ചട്ടം 3(2) പ്രകാരം ഒരു സ്വകാര്യ ആശുപത്രിയോ സ്വകാര്യ പാരാമെഡിക്കൽ സ്ഥാപനമോ ഗ്രാമ പഞ്ചായത്തിൽ രജിസ്റ്റർ ചെയ്യുന്നതിനുള്ള അപേക്ഷ ഫോറം 1 ൽ പ്രസ്തുത സ്ഥാപനം ആരംഭിക്കുന്നതിനു പതിനഞ്ചു ദിവസത്തിൽ കുറയാത്ത കാലയളവിനു മുൻപായി അതു നടത്താൻ ഉദ്ദേശിക്കുന്ന ആളോ, നടത്താൻ ചുമതലപ്പെട്ടിട്ടുള്ള ആളോ ഇരുന്നൂറ് രൂപ രജിസ്ട്രേഷൻ ഫീസ് സഹിതം, സെക്രട്ടറിക്കു സമർപ്പിക്കേണ്ടതാണ്. രജിസ്ട്രേഷൻ ഫീസോട് കൂടിയുള്ളതല്ലാത്ത ഏതൊരു അപേക്ഷയും സെക്രട്ടറി നിരസിക്കേണ്ടതാണ്. ചട്ടം 3(6) പ്രകാരം രജിസ്ട്രേഷൻ നൽകാൻ തീരുമാനിച്ച സ്ഥാപനത്തെ സംബന്ധിച്ച വിവരങ്ങൾ ഫോറം 2 ൽ ഉള്ള പ്രത്യേക രജിസ്റ്ററിൽ രേഖപ്പെടുത്തേണ്ടതും, അപ്രകാരം രേഖപ്പെടുത്തിക്കഴിഞ്ഞാൽ ആ സ്ഥാപനം രജിസ്റ്റർ ചെയ്യപ്പെട്ടതായി കണക്കാക്കേണ്ടതാണ്. ചട്ടം 5 പ്രകാരം ഒരു ഗ്രാമപഞ്ചായത്തിൽ രജിസ്റ്റർ ചെയ്തിട്ടുള്ള സ്വകാര്യ ആശുപത്രിയുടേയോ സ്വകാര്യ പാരാമെഡിക്കൽ സ്ഥാപനത്തിന്റെയോ രജിസ്ട്രേഷൻ അടുത്ത സാമ്പത്തിക വർഷം ആരംഭിക്കുന്നതിനു മുൻപായി പുതുക്കേണ്ടതും അപ്രകാരം പുതുക്കുന്നതിനുള്ള അപേക്ഷ ഫോറം 5 ൽ അൻപത് രൂപ രജിസ്ട്രേഷൻ പുതുക്കൽ ഫീസ് സഹിതം സെക്രട്ടറിക്ക് നൽകേണ്ടതും ആണ്. 2019-20 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രിക പ്രകാരം ഈ ഇനത്തിൽ 450/- രൂപ വരവായി രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ മേൽ ചട്ടങ്ങൾ പ്രകാരമുള്ള നടപടികൾ ഒന്നും തന്നെ കൈക്കൊണ്ടിട്ടില്ല.

മേൽ വിഷയത്തിനു നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 10/17.11.2021 ന് പ്രത്യക രജിസ്റ്റർ തയ്യാറാക്കിയിട്ടില്ലെന്നും രജിസ്ട്രേഷന് സംബന്ധിച്ച ഭാഗികമായ രേഖപ്പെടുത്തലുകൾ FTE & OS രജിസ്റ്ററിൽ ചെയ്തിട്ടുണ്ട് എന്നാണ് മറുപടി ലഭിച്ചത്.

ചട്ടങ്ങൾക്കു വിരുദ്ധമായി സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നത് ഗുരുതര വീഴ്ചയായി ഓഡിറ്റ് വിലയിരുത്തുന്നു. ചട്ടങ്ങൾ പ്രകാരമുള്ള നടപടികൾ കൈക്കൊണ്ട് ഗ്രാമ പഞ്ചായത്തിന്റെ പരിധിയിലുള്ള മുഴുവൻ സ്വകാര്യ ആശുപത്രികളുടേയും സ്വകാര്യ പാരാ മെഡിക്കൽ സ്ഥാപനങ്ങളുടേയും രജിസ്ട്രേഷൻ ഉറപ്പുവരുത്തേണ്ടതാണ്. ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടേയും ഭരണ സമിതിയുടേയും ശ്രദ്ധ ഇക്കാര്യത്തിൽ ഉണ്ടാകേണ്ടതാണ്.

1-27 തൊഴിൽ നികുതി ക്രമ പ്രകാരം ഈടാക്കിയിട്ടില്ല.

A) 2019-20 ഒന്നാം അർദ്ധവർഷം തൊഴിൽ നികുതി ഈടാക്കിയതിൽ ചുവടെ പറയും പ്രകാരം കുറവ് വന്നിട്ടുണ്ട്.

| ജീവനക്കാരന്റെപേര് /സ്ഥാപനം | പത്രിക പ്രകാരം അർദ്ധവർഷ വരുമാനം | ഈടാക്കേണ്ട നികുതി | ഈടാക്കിയത് | വ്യത്യാസം |
|---|---|---|---|---|
| നിഷ.കെ.വി (സെഞ്ചറി ദന്തൽ കോളേജ്) | 66000 | 600 | 450 | 150 |

B) 2019-20 രണ്ടാം അർദ്ധവർഷം തൊഴിൽനികുതി ഈടാക്കിയതിൽ ചുവടെ പറയുന്ന പ്രകാരം കുറവ്

വന്നിട്ടുണ്ട്.

| ക്രമ നമ്പർ | ജീവനക്കാരന്റെപേര് /സ്ഥാപനം | പത്രിക പ്രകാരം അർദ്ധവർഷ വരുമാനം | ഈടാ ക്കേണ്ട നികുതി | ഈടാ ക്കിയത് | വ്യത്യാസം |
|---|---|---|---|---|---|
| 1 | സജീഷ് (സൗത്ത് വെസ്റ്റ് മോട്ടോർകോർപ്പ് ഇന്ത്യ പ്രൈവറ്റ് ലിമിറ്റഡ്) | 180000 | 1250 | 1000 | 250 |
| 2 | സോബിൻ ആന്റണി (സൗത്ത് വെസ്റ്റ് മോട്ടോർകോർപ്പ് ഇന്ത്യ പ്രൈവറ്റ് ലിമിറ്റ്) | 150000 | 1250 | 1000 | 250 |
| 3 | നിഷ.കെ.വി (സെഞ്ച്വറി ദന്തൽ കോളേജ്) | 66000 | 600 | 450 | 150 |
| 4 | ഡോ.ജകന്യ.ജെ (സെഞ്ച്വറി ദന്തൽ കോളേജ്) | 42000 | 300 | 180 | 120 |
| 5 | ഡോ.നഫീസത്ത് ഷഹന (സെഞ്ച്വറി ദന്തൽ കോളേജ്) | 84000 | 750 | 300 | 450 |
| 6 | ഡോ.ഫാത്തിമത്ത് റഹിയാന (സെഞ്ച്വറി ദന്തൽ കോളേജ്) | 49000 | 450 | 300 | 150 |
| 7 | ഡോ.തൻസീം .സി.ബി (സെഞ്ച്വറി ദന്തൽ കോളേജ്) | 49000 | 450 | 300 | 150 |
| 8 | രജിത.കെ (മിനി മുത്തൂറ്റ് നിധി) | 36000 | 300 | 180 | 120 |

C) 2019-20 ഒന്നും രണ്ടും അർദ്ധവർഷങ്ങളിൽ ചുവടെ പറയുന്ന സ്ഥാപനങ്ങളിൽ നിന്നും സ്ഥാപന തൊഴിൽ നികുതി ഈടാക്കിയില്ല.

I) കെ.എസ്.ഇ.ബി, ചട്ടഞ്ചാൽ

Ii) മാവേലി സ്റ്റോർ

തൊഴിൽ നികുതി കൃത്യമായും ഈടാക്കാത്തതുമൂലം പഞ്ചായത്തിനു ലഭിക്കേണ്ടതായ വരവിൽ കുറവുണ്ടാകുന്ന സ്ഥിതിയാണുള്ളത്. ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ശ്രദ്ധ ഇക്കാര്യത്തിൽ ഉണ്ടാകേണ്ടതാണ്. തുക ഈടാക്കുന്നതിനു വേണ്ട നടപടി സ്വീകരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

### 1-28 ജി.എസ്.ടി.കോമ്പൻസേഷൻ അനുവദിച്ചത്- നടപടിക്രമങ്ങൾ പൂർത്തിയാക്കിയില്ല

01.11.2017 ലെ സ.ഉ. (അച്ചടി) നം. 87/2017/ ത.സ്വ.ഭ.വ. പ്രകാരം തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിലെ മരാമത്ത് പ്രവൃത്തികൾ ഏറ്റെടുത്തു നടപ്പാക്കുന്ന കരാറുകാർക്ക് ജി.എസ്.ടി. കോമ്പൻസേഷൻ അനുവദിക്കുന്നത് സംബന്ധിച്ച് ഉത്തരവായിട്ടുണ്ട്. ഫിനാൻസ് വകുപ്പിന്റെ 01.03.2019 ലെ സർക്കുലർ നമ്പർ 18/2019/ ഫിൻ പ്രകാരം ജി.എസ്.ടി. കോമ്പൻസേഷൻ അനുവദിക്കുന്നതിനുള്ള രീതി വിശദമാക്കുകയും ചെയ്തിട്ടുണ്ട്. ഇതനുസരിച്ച് കേരള പൊതുമരാമത്ത് വകുപ്പ് ചീഫ് എഞ്ചിനീയറുടെ 06.03.2019 ലെ CE/Admin/ PLA/ /EMP/1014/ (A)/05 നമ്പർ സർക്കുലർ മുഖേന 15.03.2019 മുതൽ നിലവിൽ വന്ന പുതുക്കിയ കോസ്റ്റ് ഇൻഡക്സ് അടിസ്ഥാനമാക്കി എസ്റ്റിമേറ്റുകൾ തയ്യാറാക്കിയ പ്രവൃത്തികൾക്ക് 2020-21 ൽ ജി.എസ്.ടി. കോമ്പൻസേഷൻ അനുവദിച്ചിട്ടുണ്ട്.

01.11.2017 ലെ സ.ഉ.(അച്ചടി) നം. 87/2017/ ത.സ്വ.ഭ.വ. ഉത്തരവിന്റെ തുടർ ഉത്തരവായി 29.09,2018 ൽ പുറപ്പെടുവിച്ച ജി.ഒ.(ആർ.ടി.)നം.2532/2018/ത.സ്വ.ഭ.വ. ഉത്തരവിൽ ജി.എസ്.ടി. കോമ്പൻസേഷൻ ക്ലെയിം ചെയ്യുന്നതിനായി കരാറുകാർ തയ്യാറാക്കി സമർപ്പിക്കേണ്ട സെൽഫ് ഡിക്ലറേഷന്റെ മാതൃക (Statement Of Final Settlement Of Contract Amount And Declaration By The Contractor) അംഗീകരിച്ച് ഉത്തരവായിട്ടുണ്ട്.

2019-20 ൽ ജി.എസ്.ടി. കോമ്പൻസേഷൻ അനുവദിച്ച പ്രവൃത്തികളുടെ കരാറുകാരിൽ നിന്നും ഈ മാതൃകയിലുള്ള ഡിക്ലറേഷൻ അസിസ്റ്റന്റ് എഞ്ചിനീയർ കൈപ്പറ്റിയിട്ടില്ല. ആയതിനാൽ ഈ പ്രവൃത്തികളിൽ ജി.എസ്.ടി. കോമ്പൻസേഷൻ അനുവദിച്ചതിന്റെ നടപടിക്രമങ്ങൾ പൂർത്തിയായിട്ടില്ല. ജി.എസ്.ടി. കോമ്പൻസേഷൻ കൈപ്പറ്റിയ കരാറുകാരിൽ നിന്നും സെൽഫ് ഡിക്ലറേഷൻ വാങ്ങി പരിശോധനയ്ക്ക് വിധേയമാക്കേണ്ടതും തുകയിൽ ക്രമീകരണങ്ങൾ വേണ്ട പക്ഷം അവ നടപ്പിലാക്കേണ്ടതുമാണ്.

2019-20 വർഷം ജി.എസ്.ടി. കോമ്പൻസേഷൻ അനുവദിച്ചതിന്റെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | പ്രവൃത്തിയുടെ വിവരങ്ങൾ | അനുവദിച്ച ജി.എസ്.ടി. കോമ്പൻസേഷൻ |
|---|---|---|
| 1 | കുഞ്ഞിപ്പള്ളി ബദർ മസ്ജിദ് റോഡ് പുനരുദ്ധാരണം (പ്രോ. നമ്പർ 0425/20) | 35400 |
| 2 | അച്ചേരി വണ്ണാത്തിക്കുളം പരിയാരം റോഡ് കോൺക്രീറ്റ് (പ്രോ.നമ്പർ 0177/20) | 16064 |
| 3 | പരവനടുക്കം വളപ്പോത്ത് റോഡ് കോൺക്രീറ്റ് (പ്രോജക്ട് നം -0128/20) | 36900 |
| 4 | കോട്ടരുവം കുതിരക്കോട് റോഡ് അവസാന ഭാഗം കോൺക്രീറ്റ് (പ്രോജക്ട് നം -0124/20) | 21338 |
| 5 | ചാത്തങ്കൈ ടണൽ റോഡ് കോൺക്രീറ്റ് (പ്രോജക്ട് നം – 0184/20) | 29668 |
| 6 | കാവുങ്കൽ പാലോത്ത് പള്ളിറോഡ് കോൺക്രീറ്റ് (പ്രോജക്ട് നം – 0135/20) | 21354 |
| 7 | കൊമ്പനടുക്കം കോലാംതൊട്ടി റോഡ് റീടാറിംഗ് (പ്രോജക്ട് നം – 0133/20) | 42636 |

| | | |
|---|---|---|
| 8 | പറമ്പ കമ്മട്ടങ്കാൽ പുളിനാക്ഷി റോഡ് കോൺക്രീറ്റ് (പ്രോജക്ട് നം – 0154/20) | 45490 |
| 9 | പരവനടുക്കം അരയാംവളപ്പ് റോഡ് കോൺക്രീറ്റ് (പ്രോജക്ട് നം – 0130/20) | 16602 |
| 10 | GUPS തെക്കിൽ വെസ്റ്റ് നവീകരണം (പ്രോജക്ട് നം – 0105/20) | 29692 |
| 11 | കൊമ്പനടുക്കം ചാമക്കാവ് റോഡ് കോൺക്രീറ്റ് (പ്രോജക്ട് നം – 0134/20) | 32072 |

1-29 തെക്കിൽ പള്ളിക്കര തെരുവുവിളക്ക് ലൈൻ വലിക്കൽ- പൂർത്തീകരണവിവരം വിവരം ലഭ്യമാക്കിയില്ല.

| | |
|---|---|
| പ്രോജക്ട് നം. / പേര് | 318/20 (തെക്കിൽ പള്ളിക്കര തെരുവുവിളക്ക് ലൈൻ വലിക്കൽ) |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് എഞ്ചിനീയർ |
| അടങ്കൽ | 60,000/- രൂപ<br>തനത് ഫണ്ട് |
| ചെലവ് തുക | 59,757/-രൂപ |
| വൗച്ചർ നമ്പർ, തീയതി | 21900866/17.01.2020 |
| തുക നൽകിയത് | അസിസ്റ്റന്റ് എൻജിനിയർ, ഇലക്ട്രിക്കൽ സെക്ഷൻ ചട്ടഞ്ചാൽ, അക്കൗണ്ട് നം.38348582481<br>59,757 /- |

ഗ്രാമ പഞ്ചായത്തിലെ തെക്കിൽ പള്ളിക്കര തെരുവുവിളക്ക് ലൈൻ വലിക്കൽ എന്നതാണ് പ്രോജക്ട്. കേരള സംസ്ഥാന വൈദ്യുതി ബോർഡ് ചട്ടഞ്ചാൽ സെക്ഷന്റെ ഡിമാന്റ് നോട്ടീസ് നം. DB/ 2019-20/45/AE/ES /CTL/Dt.26.07.2019 പ്രകാരം ഈ പദ്ധതിക്കായി ആകെ 59,757 രൂപയാണ് ചെലവ് . പ്രോജക്ട് പ്രകാരം കേരള സംസ്ഥാന വൈദ്യുതി ബോർഡ് ചട്ടഞ്ചാൽ സെക്ഷൻ അസി.എഞ്ചിനീയറുടെ ബാങ്ക് അക്കൗണ്ടിലേക്ക് 59,757 രൂപ ഓൺലൈൻ ട്രാൻസ്ഫർ മുഖേന നിക്ഷേപിച്ചിട്ടുണ്ട്. എന്നാൽ ഈ പ്രോജക്ട് പൂർത്തീകരിച്ചതിന്റെ രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. (ഓഡിറ്റ് എൻക്വയറി നമ്പർ 16/19-20 തീ.19-11-21). രേഖകൾ ലഭ്യമാക്കുന്നതു വരെ ചെലവുതുകയായ 59,757 രൂപ തടസ്സപ്പെടുത്തുന്നു.

1-30 ദുരന്ത നിവാരണ ആസൂത്രണ രേഖ തയ്യാറാക്കൽ - പരിശീലന ചെലവ് തിരികെ ലഭിച്ചില്ല

കിലയുടെ (KILA) നേതൃത്വത്തിൽ നടന്ന തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിലെ ദുരന്ത നിവാരണ ആസൂത്രണ രേഖ തയ്യാറാക്കലുമായി ബന്ധപ്പെട്ട നാലാം ഘട്ട പരിശീലനത്തിൽ വാർഡ് തലത്തിലുള്ള ഏകദിന പരിശീലനങ്ങൾ നടത്തുന്നതിന് അതത് തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളെ ചുമതലപ്പെടുത്തുകയാണുണ്ടായത് (സ.ഉ. (കൈ) നം.09/2020/ ത.സ്വ.ഭ.വ/ തി.06.01.2020 , സ.ഉ. (സാധാ) നം.179/2020 /ത.സ്വ.ഭ.വ./ തി.23.01.2020). പരിശീലനത്തിന് വേണ്ടി വരുന്ന ചെലവ് (ഒരു പരിശീലനാർത്ഥിക്ക് പരമാവധി ₹ 120 , പരിശീലകന് (റിസോഴ്സ് പേഴ്സൺ) ₹ 1,150 ) തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ തനത് ഫണ്ടിൽ നിന്നും ചെലവഴിക്കാവുന്നതാണെന്നും നിർദ്ദേശിച്ചിരുന്നു.

കൂടാതെ പരിശീലനത്തിന് പങ്കെടുത്തവരുടെ ഒറിജിനൽ ഹാജർ ലിസ്റ്റ്, ചെലവുകളുടെ ഒറിജിനൽ വൗച്ചറുകളും ബില്ലുകളും കിലയിലേക്ക് അയച്ചു കൊടുക്കുന്ന മുറക്ക്, ചെലവ് തുക അതത് തദ്ദേശ സ്വയം ഭരണ സ്ഥാപന സെക്രട്ടറിയുടെ ഔദ്യോഗിക ബാങ്ക് അക്കൗണ്ടിലേക്ക് അയച്ചു നൽകുന്നതാണെന്നും പറഞ്ഞിട്ടുണ്ട്. ഇതുപ്രകാരം ചെമ്മനാട് ഗ്രാമ പഞ്ചായത്തിൽ 05.02.2020 ന് നടത്തിയ പരിശീലന പരിപാടിയുമായി ബന്ധപ്പെട്ട് 18,300/- രൂപയുടെ ചെലവ് രേഖകൾ (2300 + 16000 വൗ.നം :21900927/ 05.02.2020 & 21901010/ 02.03.2020) കിലയിലേക്ക് സമർപ്പിക്കുകയുണ്ടായി. എന്നാൽ ഇതുവരെയും ഈ തുക ക്രമീകരിച്ചിട്ടില്ല. ഇതിനുള്ള നടപടി ക്രമങ്ങൾ സ്വീകരിച്ച് തുക ലഭ്യമായതിന്റെ വിവരങ്ങൾ അറിയിക്കേണ്ടതാണ്. ഓഡിറ്റ് എൻക്വയറി -20 (തിയതി 23.09.2021)

## 1-31 ബാംബൂ ക്യാപ്പിറ്റൽ ഓഫ് കേരള – പദ്ധതി വിശകലനം

കാസറഗോഡ്, മഞ്ചേശ്വരം ബ്ലോക്കുകളുടെ പരിധിയിൽ രൂക്ഷമായ ജല ദൗർലഭ്യം അനുഭവപ്പെടുന്നതും, ചെങ്കൽപ്പാറകൾ സ്ഥിതി ചെയ്യുന്നതുമായ പ്രദേശങ്ങളിൽ കല്ലു മുളകളകൾ വച്ചു പിടിപ്പിച്ച് മഴവെള്ളം ഒലിച്ച് പോകാതെ, ഭൂമിയിലേക്ക് ഊർന്നിറങ്ങുന്നതിന് സഹായകരമാകുന്നതിനും അതുവഴി പ്രദേശത്തെ ജല ലഭ്യത വർദ്ധിപ്പിക്കുന്നതിനും, കാലക്രമേണ ഈ പ്രദേശങ്ങളെ കൃഷി യുക്തമാക്കുന്നതിനും ലക്ഷ്യമിട്ടുകൊണ്ട് കാസറഗോഡ് ജില്ലാ ഭരണകൂടം ആസൂത്രണം ചെയ്ത്, തൊഴിലുറപ്പ് പദ്ധതിയുടെ ഭാഗമായി നിർവഹണം ചെയ്ത് നടപ്പിലാക്കിയതാണ് ബാംബൂ ക്യാപ്പിറ്റൽ ഓഫ് കേരള എന്ന പദ്ധതി. കൂടാതെ പഞ്ചായത്തുകളിലെ ഖര-ജൈവ മാലിന്യങ്ങൾ ശാസ്ത്രീയമായി സംസ്കരിച്ച്, നടുന്ന മുളകൾക്ക് വളമാക്കികൊണ്ട്, മാലിന്യ പരിഹാരത്തിന് ഒരു സഹായമാകുന്നതിനും പദ്ധതി ലക്ഷ്യം വക്കുന്നു.

കല്ലു മുളകളുടെ തൈ ഉദ്പാദിപ്പിക്കൽ, മുള നടുന്നതിനാവശ്യമായ കുഴി എടുക്കൽ എന്നിവ തൊഴിലുറപ്പ് പദ്ധതിയിലൂടെയും, മുളകൾക്കാവശ്യമായ ജൈവവളം പഞ്ചായത്ത് പ്രദേശത്തെ ഖര -ജൈവ മാലിന്യങ്ങൾ ശേഖരിച്ച് മുളകൾ നടാൻ ഉദ്ദേശിക്കുന്ന സ്ഥലങ്ങളിൽ പ്രത്യേക കമ്പോസ്റ്റ് കുഴികൾ നിർമ്മിച്ച് കമ്പോസ്റ്റ് വളമാക്കി മുളകൾക്ക് നൽകുന്നതിന് വേണ്ട ചെലവുകൾ സ്വച്ഛ് ഭാരത് മിഷൻ (ഗ്രാമീൺ) - ഖര മാലിന്യ സംസ്കരണ ഫണ്ടിൽ നിന്നും വകയിരുത്തുന്നതിന് അതത് പഞ്ചായത്തുകളെയും ചുമതലപ്പെടുത്തി. കമ്പോസ്റ്റ് കുഴികൾ നിർമ്മിക്കേണ്ട സ്ഥലങ്ങൾ ,ആവശ്യമായ കമ്പോസ്റ്റ് കുഴികളുടെ എണ്ണം, ജൈവമാലിന്യം ശേഖരിച്ച് കമ്പോസ്റ്റാക്കുന്നതിന് തയ്യാറാകുന്ന തൊഴിലാളികളുടെ വിവരം എന്നിവ ജില്ലാ ദാരിദ്ര്യ ലഘൂകരണം പ്രൊജക്റ്റ് ഡയറക്ടറെ അറിയിക്കുന്നതിനും, കമ്പോസ്റ്റ് വളം തയ്യാറാക്കി തൈകൾ നടുന്നതിനുള്ള കുഴികളിൽ നിക്ഷേപിക്കുന്ന പ്രവൃത്തിയുടെ നിർവഹണ ചുമതല പഞ്ചായത്തുകളിലെ കൃഷി ഓഫീസർമാർക്ക് നൽകുന്നതിനും നിർദ്ദേശിക്കുകയുണ്ടായി. കൂടാതെ കമ്പോസ്റ്റ് കുഴികളുടെ നിർമ്മാണം, പൊതു സ്ഥലങ്ങളിൽ കൂടിക്കിടക്കുന്ന മാലിന്യ ശേഖരണം തരംതിരിക്കൽ, കമ്പോസ്റ്റ് കുഴിയിൽ നിക്ഷേപിക്കൽ, കമ്പോസ്റ്റ് വളം മുളം തൈയുടെ കുഴികളിൽ നിക്ഷേപിക്കൽ എന്നീ പ്രക്രിയകളുടെ ഡോക്യുമെന്റേഷൻ ചെയ്യേണ്ടതും റിപ്പോർട്ട് സഹിതം ജില്ലാ ശുചിത്വ മിഷന് നൽകേണ്ടതാണെന്നും നിർദ്ദേശിച്ചിട്ടുണ്ട്.

പഞ്ചായത്ത് , തൊഴിലുറപ്പ് തലങ്ങളിലെ ചെലവ് വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു

| പഞ്ചായത്ത് തലം | | | |
|---|---|---|---|
| ക്രമ നം | ചെലവിനം | വൗച്ചർ നം | തുക |
| 1 | കമ്പോസ്റ്റ് വളം നിർമ്മിക്കുന്നതിന് ഡ്രം, ബക്കറ്റ് | 21900003/03.04.19 | 2420 |
| 2 | ഭക്ഷണ വേസ്റ്റ് ശേഖരിച്ചതിന് കൂലി നൽകിയത് | 21900020/04.04.19 | 12600 |

| | | | |
|---|---|---|---|
| 3 | ഭക്ഷണ വേസ്റ്റ് ശേഖരിച്ചതിന് കൂലി നൽകിയത് | 21900053/12.04.19 | 13300 |
| 4 | കമ്പോസ്റ്റ് കുഴി നിർമ്മാണം (ജെ.സി.ബി.വാടക) | 21900057/20.04.19 | 10000 |
| 5 | കമ്പോസ്റ്റ് തയ്യാറാക്കിയതിന്റെ കൂലി | 21900060/22.04.19 | 18900 |
| 6 | കമ്പോസ്റ്റ് തയ്യാറാക്കുന്നതിന് - EM ലായനി | 21900061/22.04.19 | 360 |
| 7 | കമ്പോസ്റ്റ് തയ്യാറാക്കുന്നതിന് - 75 കുട്ട ചാണകം | 21900062/22.04.19 | 3750 |
| 8 | ഭക്ഷണ വേസ്റ്റ് ശേഖരിച്ചതിന് കൂലി നൽകിയത് | 21900147/24.05.19 | 8400 |
| 9 | കമ്പോസ്റ്റ് കുഴി മൂടുന്നതിനായി പ്ലാസ്റ്റിക് ഷീറ്റ് | 21900149/24.05.19 | 1686 |
| 10 | തൈകൾ നടുന്നതിനുള്ള കുഴി- കംപ്രസർ വാടക | ചെ.നം.938/21.06.19 | 14500 |
| 11 | ഭക്ഷണ വേസ്റ്റ് -ട്രാൻസ്പോർട്ടേഷൻ ചാർജ്ജ് | 21900974/15.07.19 | 48000 |
| ആകെ | | | 1,33,916 |
| 12 | തൊഴിലുറപ്പ് തലം | -- | 4,92,328 |

പദ്ധതിയുടെ ഭാഗമായി 5164 മുളയുടെ തൈകളും അവയുടെ ചുറ്റം ജൈവ വേലി വച്ചു പിടിപ്പിച്ചതിനുമായി ആകെ ₹ 6,26,244 /-ചെലവായിട്ടുണ്ട് (ഒരു തൈ നടുന്നതിന് ഏകദേശം ₹ 121.27 /-). നിലവിൽ (ഓഡിറ്റ് കാലയളവിൽ) ഇതിൽ 2002 തൈകൾ മാത്രമാണ് അവശേഷിക്കുന്നത്.

## 1-32 യാത്രാ ബത്ത നൽകിയത്–ചെലവ് തുക തടസ്സപ്പെടുത്തുന്നു (₹ 11,350 )

ആർദ്രം മിഷന്റെ പ്രവർത്തനവുമായി ബന്ധപ്പെട്ട് പാലക്കാട് ജില്ലയിലെ മുണ്ടൂർ എന്ന സ്ഥലത്ത് (ഐ.ആർ.ടി.സി.),2018 നവംബർ 24,25 എന്നീ തിയതികളിൽ സംഘടിപ്പിച്ച പരിശീലന പരിപാടിയിൽ (Team Building Training For Family Health Centre) പങ്കെടുത്തതിന് പി.എച്ച്.സി. ചട്ടഞ്ചാലിലെ ഡോ.കായിഞ്ഞി സി.എം . (മെഡിക്കൽ ഓഫീസർ ), ഗോപിനാഥൻ പി. കെ (എച്ച്.ഐ.), സെലിൻ തോമസ് (എൽ.എച്ച്.ഐ.), പ്രദീപ് കുമാർ ആർ (ഫാർമസിസ്റ്റ്), സുധാകുമാരി വി. (സീനിയർ ക്ലാർക്ക്) എന്നിവർക്ക് പഞ്ചായത്തിൽ നിന്നും യാത്രാബത്ത അനുവദിച്ചിട്ടുണ്ട്. ഇതോടൊപ്പം മെഡിക്കൽ ഓഫീസർക്ക് 2018 ജൂലൈ 30 ന് കില (KILA)യിൽ വച്ച് നടന്ന പരിശീലന പരിപാടിയിൽ ( Child Friendly Local Governance ) പങ്കെടുത്തതിനും പഞ്ചായത്തിൽ നിന്നും യാത്രാബത്ത അനുവദിച്ചിട്ടുണ്ട്. ഡോ.കായിഞ്ഞി സി.എം. ന് ഈ രണ്ട് യാത്രകൾക്കുമായി വൗച്ചർ നം. 21900120/ 08.05.2019 പ്രകാരം 4,708/- രൂപയും , മറ്റ് ജീവനക്കാർക്ക് മുണ്ടൂർ യാത്രക്കായി വൗച്ചർ നം. 21900125/ 10.05.2019 പ്രകാരം 6,642/- രൂപയും അനുവദിച്ചിട്ടുണ്ട്. എന്നാൽ പരിശീലന കേന്ദ്രങ്ങളിൽ നിന്നോ, വകുപ്പിൽ നിന്നോ ഈ യാത്രകൾക്ക് യാത്രാ ബത്ത കൈപ്പറ്റിയിട്ടില്ല എന്ന സാക്ഷ്യപത്രം (ഐ.ആർ.ടി.സി., കില, ആരോഗ്യ വകുപ്പ് എന്നിവിടങ്ങളിൽ നിന്നുള്ളത്) ചെലവ് രേഖകൾക്കൊപ്പം സമർപ്പിച്ചിട്ടില്ല. ആയതിനാൽ ബന്ധപ്പെട്ട സാക്ഷ്യപത്രങ്ങൾ ഹാജരാക്കുന്നതിന് വിധേയമായി ചെലവ് തുകയായ ₹ 11,350/- തടസ്സപ്പെടുത്തുന്നു. ഓഡിറ്റ് എൻക്വയറി -20 (തിയതി 23.09.2021).

## 1-33 പോളിങ് സ്റ്റേഷനുകളിൽ റാമ്പ് നിർമ്മാണം - അസിസ്റ്റന്റ് എഞ്ചിനീയറുടെ വാല്യുവേഷൻ ഇല്ല, ചെലവ് തുക തടസ്സപ്പെടുത്തുന്നു

നിർവ്വഹണം: സെക്രട്ടറി

2019 ലെ പാർലമെന്റ് തെരഞ്ഞെടുപ്പ് സമയത്ത് പഞ്ചായത്തിലെ പന്ത്രണ്ട് പോളിങ് സ്റ്റേഷനുകളിൽ റാമ്പ് നിർമ്മിച്ചതുമായി ബന്ധപ്പെട്ട് ശ്രീ.ബി.മുഹമ്മദ് കുഞ്ഞി എന്നയാൾക്ക് വൗച്ചർ നം. 21900136/ 22.05.2019 പ്രകാരം ₹2,69,093/- നൽകിയിട്ടുണ്ട്. എന്നാൽ റാമ്പുകളുടെ നിർമ്മാണവുമായി ബന്ധപ്പെട്ട് എൽ.എസ്.ജി.ഡി. അസിസ്റ്റന്റ് എഞ്ചിനീയറുടെ വാല്യുവേഷൻ സർട്ടിഫിക്കറ്റ് പരിശോധനക്ക് നൽകിയിട്ടില്ല. വാല്യുവേഷൻ സർട്ടിഫിക്കറ്റിന്റെ അഭാവത്തിൽ ഈയിനത്തിൽ വിനിയോഗിച്ച 2,69,093/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. (ഓഡിറ്റ് എൻക്വയറി -20 തിയതി-23.09.2021).

1-34 വീട് മേൽക്കൂര മാറ്റൽ - മുൻകൂർ തുക കൈപ്പറ്റിയവർ പണി പൂർത്തിയാക്കിയിട്ടില്ല

പഞ്ചായത്തിൽ പൊതുവിഭാഗത്തിൽ പെട്ട ഗുണഭോക്താക്കൾക്ക് വീട് മേൽക്കൂര മാറ്റൽ എന്ന പദ്ധതിക്കായി 2018-19 വർഷത്തിൽ 25,000/- രൂപയും, 2019-20 വർഷം മുതൽ 30,000/- രൂപയുമാണ് അനുവദിക്കുന്നത്. പദ്ധതി പ്രകാരം മുൻകൂർ തുക കൈപ്പറ്റിയിട്ടും പണി പൂർത്തീകരിക്കാത്ത ഗുണഭോക്താക്കളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

I.വീട് മേൽക്കൂര മാറ്റൽ - 266/2020 (സ്പിൽ ഓവർ)

അയിഷ.കെ (W/o: അഹമ്മദ്.കെ) - കൈപ്പറ്റിയ തുക - ₹ 12500

II. വീട് മേൽക്കൂര മാറ്റൽ - 29/2020(New)

1. കുഞ്ഞിരാമൻ മണിയാണി
2. മറിയാമ്മ W/o: അഹമ്മദ് , പുത്തരിയടുക്കം
3. ഗീത ചന്ദ്രൻ
4. മറിയുമ്മ W/o: മാഹിൻ
5. അസ്മാബി സി കെ W/o:മുഹമ്മദ്
6. ജാനകി D/o: അപ്പക്കുഞ്ഞി, നടക്കൽ (വീട്)
7. ശാരദ കെ W/o: കുഞ്ഞപ്പ, തെക്കേവീട്
8. വെള്ളച്ചി W/o: ബാലകൃഷ്ണൻ ടി വി
9. അബ്ദുൾ റസാഖ് എം എ
10. വിനോദ്കുമാർ കെ ടി
11. അശോകൻ എ കെ
12. റഫീഖ് ഐ S/o: പി ബി ഇബ്രാഹിം
13. കെ കണ്ണൻ S/o: രാമൻ
14. സീതാരാമ ടി ,തായത്തൊട്ടി
15. അബ്ദുള്ള ടി പി S/o: വി കാദർ

ഈ ഗുണഭോക്താക്കൾ 15000/- രൂപ വീതം കൈപ്പറ്റിയിട്ടുണ്ട്.

രണ്ട് പദ്ധതികളിലുമായുള്ള പതിനാറ് (1 + 15 ) ഗുണഭോക്താക്കളുടെയും പ്രവൃത്തി എത്രയും വേഗം പൂർത്തീകരിക്കുന്നതിനു വേണ്ട നടപടി സ്വീകരിക്കേണ്ടതാണ്. അല്ലാത്തപക്ഷം കൈപ്പറ്റിയ തുക പലിശ സഹിതം തിരികെ ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

1-35 വീട് പുനരുദ്ധാരണം - വാല്യുവേഷൻ സർട്ടിഫിക്കറ്റില്ലാതെ അവസാന ഗഡു അനുവദിച്ചത്

വീട് പുനരുദ്ധരണം പട്ടികജാതി വിഭാഗം (നം.0267/20 –സ്പിൽ ഓവർ) പദ്ധതിയിലെ ഗുണഭോക്താവായ ഗിരിജ W/o: സുന്ദരൻ, പള്ളത്തുങ്കാൽ എന്നയാൾക്ക് ₹ 50000 മുൻകൂർ നൽകിയിരുന്നതാണ്. BRN 416673/ 05.08.2019 : ₹1,27,100 (സബ് ട്രഷറി,ചട്ടഞ്ചാൽ) എന്ന ബില്ലിൽ നിന്നും ₹ 75,100 , പണി പൂർത്തീകരിച്ചതിനാൽ വി.ഇ.ഒ. ഗുണഭോക്താവിന് അനുവദിക്കുകയുണ്ടായി. എന്നാൽ നിർമ്മാണത്തിന്റെ ചെലവ് സംബന്ധിച്ച എൽ.എസ്.ജി.ഡി. അസിസ്റ്റന്റ് എഞ്ചിനീയറുടെ മൂല്യനിർണ്ണയ സാക്ഷ്യപത്രം ഹാജരാക്കിയില്ല. അതിനാൽ അന്തിമ ഗഡുവിന്റെ കൃത്യത പരിശോധിക്കുവാൻ കഴിഞ്ഞില്ല. മൂല്യനിർണ്ണയ സാക്ഷ്യപത്രത്തിന്റെ അഭാവത്തിൽ ചെലവ് തുക ₹75,100 തടസ്സപ്പെടുത്തുന്നു.

1-36 സീറോ വേസ്റ്റ് മാനേജ് മെന്റ് - വിവരങ്ങൾ ലഭ്യമാക്കിയില്ല

പഞ്ചായത്ത് പ്രദേശത്തെ മാലിന്യനീക്കവുമായി ബന്ധപ്പെട്ട് വി.ഇ.ഒ. യുടെ നിർവഹണത്തിൽ തയ്യാറാക്കിയ പദ്ധതിയാണിത് (പ്രൊ.നം.0051/2020). മാലിന്യ ശേഖരണവുമായി ബന്ധപ്പെട്ട് ഹരിത കർമ്മ സേന അംഗങ്ങൾക്ക് വീടുകൾ /കടകൾ /മറ്റ് സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ നിന്നും യൂസർ ഫീ കളക്ട് ചെയ്യുന്നതിനായി 50 പേജുകൾ വീതമുള്ള 400 രസീതു ബുക്കുകൾ അച്ചടിച്ച് നൽകിയ വകയിൽ സ്വാതി ഓഫ് സെറ്റ് പ്രിന്റിങ് പ്രസ് എന്ന സ്ഥാപനത്തിന് 6000/- രൂപ വി.ഇ.ഒ. നൽകിയിട്ടുണ്ട് (BRN 943280/13.12.2019 @ സബ് ട്രഷറി,ചട്ടഞ്ചാൽ). ഈ രസീത് ബുക്കുകളുടെ സ്റ്റോക്ക് രജിസ്റ്റർ, പിരിച്ച തുകകൾ, അനുബന്ധ ചെലവുകൾ തുടങ്ങിയവ ഓഡിറ്റ് പരിശോധനക്ക് ലഭ്യമാക്കിയില്ല. കൂടാതെ 2019-20 വർഷത്തെ ഹരിതകർമ്മ സേനയുടെ പ്രവർത്തനങ്ങൾ, മാലിന്യനീക്കം എന്നിവയുടെ വിശദാംശങ്ങളും പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല. അതിനാൽ ഹരിതകർമ്മ സേനയുടെ പ്രവർത്തനം, മാലിന്യനീക്കം എന്നിവയുമായി ബന്ധപ്പെട്ട വരവ് - ചെലവ് വിവരങ്ങൾ ഈ റിപ്പോർട്ടിനുള്ള ആദ്യ മറുപടിക്കൊപ്പം ലഭ്യമാക്കേണ്ടതാണ്. രസീതുകളുടെ സ്റ്റോക്ക് രജിസ്റ്റർ, യൂസർ ഫീ ശേഖരിച്ചതിന്റെ വിശദാംശങ്ങൾ എന്നിവ പരിശോധനക്ക് ലഭ്യമാക്കാത്തതിനാൽ ഈ പദ്ധതിക്കായി തൻ വർഷം ചെലവഴിച്ച ₹6000/- ചെലവ് തടസ്സപ്പെടുത്തുന്നു. ഓഡിറ്റ് എൻക്വയറി -21 (തിയതി-23.11.2021)

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## 4-1 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷനിൽ കണക്കുകൾ പരിശോധിച്ച തീയ്യതി | സർട്ടിഫിക്കറ്റ് നമ്പർ/തീയ്യതി |
|---|---|---|
| 2019-20 | 11-11-2021 & 12-11-2021 | അനുബന്ധം 1 ൽ ഓഡിറ്റ് സർട്ടിഫിക്കറ്റ് ഉൾപ്പെടുത്തിയിട്ടുണ്ട് |

## 4-2 സംയുക്ത പ്രോജക്കുകൾക്ക് ലഭിച്ച ഫണ്ടുവിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2019-20 | 796500 | ലൈഫ് മിഷൻ വിഹിതം (പ്രൊ നം. 0034/ 20) | 796500 | 0 |
| | 2019-20 | 234384 | ക്ഷീര കർഷകർക്ക് പാലിന് സബ്സിഡി (പ്രൊ നം. 0050/ 2019) | 234384 | 0 |
| | 2019-20 | 200000 | പാലിയേറ്റീവ് കെയർ (പ്രൊ നം. 0052/20) | 200000 | 0 |
| | 2019-20 | 30000 | ആശ്രയ ഗുണഭോക്താ ക്കളുടെ ഭവന നവീകരണം. (പ്രൊ നം. 0397/20) | 30000 | 0 |
| ജില്ലാ പഞ്ചായത്ത് | 2019-20 | 624000 | ലൈഫ് മിഷൻ വിഹിതം (പ്രൊ നം. 0034/20) | 624000 | |
| | 2019-20 | 42474 | ക്ഷീര കർഷകർക്ക് പാലിന് സബ്സിഡി (പ്രൊ നം. 0050/ 20) | 42474 | |
| | 2019-20 | 49349 | പാലിയേറ്റീവ് കെയർ (പ്രൊ നം. 52/20) | 49349 | |
| | 2019-20 | 40000 | ആശ്രയ ഗുണഭോക്താക്കളുടെ ഭവന നവീകരണം. (പ്രൊ നം. 397/20) | 40000 | |
| | 2019-20 | 500000 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥി കൾക്കുള്ള സ്കോളർഷിപ്പ /ബത്ത (പ്രൊ നം. 219/20) | 500000 | |
| | 2019-20 | 425000 | നെൽകൃഷി വികസനം കൂലിചെലവ് (പ്രൊ നം. 0011/2019) | 425000 | |

## 4-3 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരം

ഇല്ല

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് ക്രമീകരിക്കുവാൻ അവശേഷിക്കുന്നത്

ഇല്ല

4-5 വായ്പ /വായ്പാ തിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ 2580000രൂപ വരവുണ്ട്. പ്രസ്തുത തുക ലൈഫ് ഭവന പദ്ധതിയ്ക്കായി വിനിയോഗിച്ചിട്ടുണ്ട്. ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക (മുതൽ) |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| KURDFC ലൈഫ് മിഷൻ വായ്പ | ജി.ഒ.(എം.എസ്) നമ്പർ 2278 തസ്വഭവ തീയതി L8.8.2018 | 19683274 | 17103274 + 2580000 (തൻവർഷ വരവ്) ആകെ =19683274 | 1485294 | - | 18197980 |

4-6 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല

4-7 ഓഡിറ്റ് റിക്കവറി

ഇല്ല

4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട പരാമർശങ്ങൾ

ഗ്രാമ പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 23 പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് റിപ്പോർട്ട് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 1998-99 പ്ലാൻ | 13 | 2007-08 | 3.66.3 | ഹൗസിങ്ങ് ബോർഡിൽ തുക നിക്ഷേപിച്ചത് വിനിയോഗ സാക്ഷ്യപത്രം ഇല്ല | തടസ്സം തുടരുന്നു വിനിയോഗ സാക്ഷ്യപത്രം പൂർണ്ണമല്ല. (LFAC 2016-19-പരിഗണനയിൽ (21-11-2017ന് സിറ്റിങ്ങ് നടത്തി) |
| 2005-06- & 2006-07 | 2005-06- ഖ.3-4 2006-07 ഖ.3.8 | 2010-11 | ഖ.2-14 | KSEBയിൽ തുക നിക്ഷേപിച്ചത് വിനിയോഗ സാക്ഷ്യപത്രം ഇല്ല | വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കി തടസ്സം ഒഴിവാക്കുവാൻ ശുപാർശ ചെയ്തു (LFAC 2016-19- |

| | | | | | |
|---|---|---|---|---|---|
| | | | | | പരിഗണനയിൽ (21-11-2017ന് സിറ്റിങ്ങ് നടത്തി) |
| ജലസ്രോതസ്സുകളുടെ സംരക്ഷണ വും കുടിവെള്ള പദ്ധതികളും -അവലോകനം 2013-14 | - | 2013-14 | 5.1.5.8 (പേജ്.67) | മഴവെള്ള സംഭരണികൾ പാഴ്ച്ചെലവ് | മറുപടി ലഭ്യമാക്കിയിട്ടില്ല. |
| -ടി- | - | 2013-14 | 5.1.5.11 (പേജ്76,78, 80) | കുടിവെള്ള പദ്ധതികൾ പൂർത്തീകരിക്കാത്തത് | മറുപടി ലഭ്യമാക്കിയിട്ടില്ല. |
| 2009-10, 2010-11 | 3.(24) | 2014-15 | 6-13 | തൊഴിലുറപ്പ് പദ്ധതി കിണർ നിർമ്മാണം – മൂല്യ നിർണ്ണയം നടത്താതെ കൂലി നല്കി | പ്രാഥമിക മറുപടി ലഭ്യമാക്കിയിട്ടുണ്ട്. നിയമസഭാസമിതി പരിഗണനയിൽ . തുടർ നിർദ്ദേശങ്ങൾ ലഭ്യമായിട്ടില്ല |
| 2014-15 | 2-1,2.2, 2.3 | 2016-17 | അധ്യായം.2 അനുബന്ധം 4 | തൊഴിൽ നികുതി പരാമർശങ്ങൾ | മറുപടി ലഭ്യമാക്കിയില്ല പരാമർശം തുടരുന്നു |

## 4-9 ചാർജ്ജ് സർചാർജ്ജ് നടപടികളുടെ വിവരം

1) ചാർജ് നടപടി വഴി ഈടാക്കിയ/ഈടാക്കുവാനുള്ള തുക: ഇല്ല

2) സർചാർജ് നടപടി വഴി ഈടാക്കിയ/ഈടാക്കുവാനുള്ള തുക :

| ക്രമ നം. | റിപ്പോർട്ട് വർഷം | ഖണ്ഡിക. നം | ഉത്തര വാദിയായ ഉദ്യോഗ സ്ഥന്റെ പേര്, സ്ഥാനം | ചാർജ് സർട്ടിഫിക്കറ്റ് | | സ്വയം അടവാക്കിയ തുക (രശീതി നമ്പർ, തീയതി) | റവന്യൂ റിക്കവറിയിലൂടെ ഈടാ ക്കിയ തുക/ തീയതി | കോടതി വ്യവഹാരങ്ങളിൽ | | ആകെ ലഭ്യ മായ തുക | അവശേഷിക്കുന്ന തുക ,/ ബാധ്യത | റിമാർക്സ് |
|---|---|---|---|---|---|---|---|---|---|---|---|---|
| | | | | നമ്പരും തീയതിയും | തുക | | | | | | | |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 | 13 |
| 2 | 2017-18 | ഖ.3-3 | എം.രവീന്ദ്ര സെക്രട്ടറി | KSA.4432/ Spl.cell/ Csc/ C2/2019 Dt.15.02.2021 (നോട്ടീസ്) | 85000 | 0 | - | - | - | - | 85000 | തുക ഒടുക്കിയിട്ടില്ല |

## 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | ₹ 107132408 |

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | ₹ 93983199 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | ₹15,76,300 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| | ഇല്ല | ഇല്ല | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡികനം. | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-16 | 405000 | ജസീറ. സി.,ഐ.സി.ഡി.എസ്.സൂപ്പർവൈസർ |
| 1-17 | 375000 | ജസീറ. സി.,ഐ.സി.ഡി.എസ്. സൂപ്പർവൈസർ |
| 1-23 | 375000 | ഡോ.വിജി വിജയൻ, വെറ്റിനറി സർജ്ജൻ |
| 1-29 | 59757 | അശ്വിൻ പി വിജയൻ, അസിസ്റ്റന്റ് എഞ്ചിനീയർ. |
| 1-32 | 11350 | ഡോ.കായിഞ്ഞി. സി.എം., മെഡിക്കൽ ഓഫീസർ, പി.എച്ച്.സി. |
| 1-33 | 269093 | ടി.എം. ഉണ്ണിക്കൃഷ്ണൻ, സെക്രട്ടറി |
| 1-35 | 75100 | ജാഫർ.ടി.കെ.,വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർ |
| 1-36 | 6000 | ജാഫർ.ടി.കെ.,വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർ |
| ആകെ | 15,76,300 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല.

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ബാധകമല്ല | | |

4-11 തീർപ്പാക്കുവാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1991-92 | നം. LF/KSD.1/113/94 തിയതി.24-06-96 | 6 |
| 1987-88 To1990-91 | നം.LF/KSD.5/147/03 തിയതി.22-02-03 | 6 |

| | | |
|---|---|---|
| 1992-93 To1995-96 | നം.LF/KSD.4/563/07 തീയ്യതി 08.05.08 | 1 |
| 1997-1998 | നം.LF/KSD.5/435/03 തിയതി.05-04-05 | 7 |
| 1998-1999 (Plan) | നം.LF/KSD..5/381/04 തിയതി.21-07-06 | 1 |
| 2000-2001 (Plan) | നം.LF/KSD.5/382/04 തിയതി.21-07-06 | 2 |
| 1999-2000 (Plan) | നം.LF/KSD.5/383/04 തിയതി.21-07-06 | 6 |
| 2001-2002 (Plan) | നം.LF/KSD.5/834/04 തിയതി.21-07-06 | 4 |
| 1999-2000 &1995-1996 | നം.LF/KSD.4/563/07 തിയതി.21-11-07 | 2 |
| 1999-2000 | നം.LF/KSD.4/564/06തിയതി.02-07-07 | 4 |
| 2000-2001 | നം.LF/KSD.4/565/06തിയതി.02-07-07 | 1 |
| 1998-1999 | നം. LF/KSD.8/362/05 തിയതി.05-06-07 | 12 |
| 2001-2002 | നം. LF/KSD.4/537/06 തിയതി.23-07-08 | 16 |
| 2002-2003 | നം. LF/KSD.4/636/07 തിയതി.24-08-09 | 29 |
| 2003-2004 | നം. LF/KSD.4/127/08 തിയതി.06-05-10 | 22 |
| 2004-2005 | നം. LF/KSD.4/128/08 തിയതി. 15-07-10 | 11 |
| 2005-2006 | നം. LF/KSD.4/129/08 തിയതി.13-05-10 | 10 |
| 2006-2007 | നം. LF/KSD.4/797/09 തിയതി.06-05-10 | 15 |
| 2007-2008 | നം. LF/KSD.3/178/12 തിയതി.14-05-12 | 14 |
| 2008-2009 | നം. LF/KSD.3/179/12 തിയതി.20-12-12 | 15 |
| 2009-10 &2010-11 | നം. LF/KSD.6/593/13 തിയതി.08-05-14 | 15 |
| 2011-12 & 2012-13 | നം. LF/KSD.8/715/14 തിയതി.03-02-15 | 20 |
| 2013-14 | നം.LF/KSD./659/2015 തീയ്യതി.07.10.2015 | 13 |
| 2014-15 | നം.KSA/KSD.7/734/2016 തീയ്യതി, 19.07.2016 | 15 |
| 2015-16 | നം.KSA/KSD.6/1081/2016 തീയ്യതി, 30.11.2016 | 19 |
| 2016-17 | നം.KSA/KSD.6/680 / 2017 തീയതി. 23.06.2017 | 23 |
| 2017-18 | നം.KSA/KSD.6/1379 /2018 തീയതി. 11.12.2018 | 37 |
| 2018-19 | നം. KSA/KSD.6/990 /2019 തീയതി. 06.11.2019 | 31 |

തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകളിലെ തടസ്സങ്ങൾ തീർപ്പാക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ് .

ഡെപ്യൂട്ടി ഡയറക്ടർ,

ജില്ലാ ഓഡിറ്റ് കാര്യാലയം, കാസറഗോഡ്.
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-1
## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2019-2020 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ കാസർഗോഡ് ജില്ലയിലെ ചെമ്മനാട് ഗ്രാമപഞ്ചായത്തിന്റെ 2019-2020-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കാസറഗോഡ്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കാസർഗോഡ് ജില്ലയിലെ ചെമ്മനാട് ഗ്രാമപഞ്ചായത്തിന്റെ 2019-2020 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കാസറഗോഡ്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം 3

## ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ്

| Chemmanad Grama Panchayat<br>INCOME & EXPENDITURE STATEMENT | | | |
|---|---|---|---|
| For the period from 01-April-2019 to 31-March-2020 | | | |
| Code.No | Description of Items | Schedule No | Amount |
| | INCOME | | |
| 110000000 | Tax Revenue | I-1 | 11308185.00 |
| 130000000 | Rental Income from Panchayat / Municipal Properties | I-3 | 535886.00 |
| 140000000 | Fee & User Charges | I-4(b) | 1346812.00 |
| 150000000 | Sale & Hire Charges | I-5(b) | 2023731.00 |
| 160000000 | Revenue Grants, Funds, Contributions & Compensations / Subsidies | I-6 | 120150338.00 |
| 171000000 | Interest Earned | I-8 | 2890392.00 |
| 180000000 | Other Income | I-9 | 617316.00 |
| | Total Income | | 138872660.00 |
| | EXPENDITURE | | |
| 210000000 | Establishment Expenses | I-10(b) | 10767427.00 |
| 220000000 | Administrative Expenses | I-11(b) | 1903322.00 |
| 230000000 | Operations & Maintenance | I-12(b) | 3488707.00 |
| 240000000 | Interest & Finance Charges | I-13 | 30487.00 |
| 250000000 | Decentralised Plan Programme-Productive Sector / Programme Expenses | I-14 | 6644734.00 |
| 251000000 | Decentralised Plan Programme-Service Sector | I-14(a) | 64692898.00 |
| 252000000 | Decentralised Plan Programme-Infrastructure Sector | I-14(b) | 3144199.00 |
| 253000000 | Decentralised Plan Programme-Projects not included in Sector Division | I-14(c) | 458481.00 |
| 254000000 | Expenditures of Transfered Institutions and State Sponsored Schemes (not included under Decentralized Plan Programme) | I-14(d) | 23149160.00 |
| 255000000 | Maintenance Projects | I-14(e) | 8898209.00 |
| 256000000 | Other Revenue Grants and Funds - Revenue Expenses | I-15(a) | 214447.00 |
| 260000000 | Grants, Contributions & Compensation from Own Fund / Subsidies | I-15 | 249748.00 |
| 272000000 | Depreciation | I-17(a) | 11401257.00 |

| | | | |
|---|---|---|---|
| | Total Expenditure | | 135043076.00 |
| | Gross Surplus/ Deficit of income over Expenditure | | 3829584.00 |
| 280000000 | Prior Period Item | I-18 | -592526.00 |
| | Gross Surplus/Deficit of Income over Expenditure after prior period items. | | 4422110.00 |
| 290000000 | Transfer to Reserve Funds | I-18(a) | 0.0 |

ഡെപ്യൂട്ടി ഡയറക്ടർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, കാസറഗോഡ്.

## അനുബന്ധം 4

## റസീപ്റ്റ് & പേയ് മെന്റ് സ്റ്റേറ്റ്മെന്റ്

| Chemmanad Grama Panchayat<br>RECEIPT & PAYMENT STATEMENT | | | |
|---|---|---|---|
| For the period from 01-April-2019 to 31-March-2020 | | | |
| Code.No | Description of Items | Schedule No | Amount |
| | RECEIPTS | | |
| | Opening Balance | | |
| Bank | Bank | RP-40(a) | 93383287.00 |
| Cash | Cash | RP-40(a) | 405542.00 |
| | Operating | | |
| 110000000 | Tax Revenue | RP-1 | 2022870.00 |
| 130000000 | Rental income from Panchayat Properties | RP-3 | 13800.00 |
| 140000000 | Fees & User Charges | RP-4 | 1036212.00 |
| 150000000 | Sale & Hire Charges | RP-5 | 2023731.00 |
| 160000000 | Revenue Grants, Funds, Contributions & Compensations | RP-7 | 61966954.00 |
| 171000000 | Interest Earned | RP-9 | 2890392.00 |

| | | | |
|---|---|---|---|
| 320000000 | Grants, Funds & Contributions for Specific Purposes | RP-31 | 11571865.00 |
| 350000000 | Other Liabilities | RP-36 | 11930595.00 |
| | Non Operating | | |
| 180000000 | Other Income | RP-10 | 11253.00 |
| 311000000 | Earmarked Funds | RP-29 | 6.00 |
| 330000000 | Secured Loans | RP-32 | 2580000.00 |
| 340000000 | Deposits Received | RP-34 | 34900.00 |
| 350000000 | Other Liabilities | RP-36 | 684722.00 |
| 431000000 | Sundry Debtors (Receivables) | RP-43 | 10344108.00 |
| 460000000 | Loans, Advances and Deposits | RP-47 | 21000.00 |
| | Grand total | | 200921237.00 |
| | PAYMENTS | | |
| | Operating | | |
| 210000000 | Establishment Expenses | RP-11 | 4249955.00 |
| 220000000 | Administrative Expenses | RP-12 | 1833322.00 |
| 230000000 | Operations & Maintenance | RP-13 | 3486433.00 |
| 250000000 | Decentralised Plan Programme- Productive Sector | RP-15 | 6644734.00 |
| 251000000 | Decentralised Plan Programme- Service Sector | RP-16 | 27967894.00 |
| 252000000 | Decentralised Plan Programme- Infrastructure Sector | RP-17 | 3144199.00 |
| 253000000 | Decentralised Plan Programme- Projects not included in Sector Division | RP-18 | 458481.00 |
| 254000000 | Expenditures of Transferred institutions and State Sponsored Schemes | RP-19 | 1464960.00 |
| 255000000 | Maintenance Projects | RP-20 | 8898209.00 |
| 256000000 | Other Revenue Grants and Funds - Revenue Expenses | RP-21 | 214447.00 |

| | | | |
|---|---|---|---|
| 260000000 | Grants, Contributions and Compensations from Own Fund | RP-22 | 249748.00 |
| 280000000 | Prior Period item | RP-26 | -1196163.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-31 | 220404.00 |
| 350000000 | Other Liabilities | RP-36 | 17714888.00 |
| | Non Operating | | |
| 240000000 | Interest & Finance Charges | RP-14 | 30487.00 |
| 280000000 | Prior Period Item | RP-26 | 96800.00 |
| 330000000 | Secured Loans | RP-32 | 0.0 |
| 340000000 | Deposits Received | RP-34 | 16000.00 |
| 350000000 | Other Liabilities | RP-36 | 1990945.00 |
| 410000000 | Fixed Assets | RP-38 | 11527215.00 |
| 412000000 | Capital work in Progress | RP-40 | 77525.00 |
| 430000000 | Stock-in-hand | RP-42 | 0.0 |
| 440000000 | Pre-paid Expenses | RP-45 | 2580000.00 |
| 460000000 | Loans, Advances and Deposits | RP-47 | 2312716.00 |
| | Closing Balance | | |
| Bank | Bank | RP-40(b) | 106850785.00 |
| Cash | Cash | RP-40(b) | 87253.00 |
| | Grand Total | | 200921237.00 |

ഡെപ്യൂട്ടി ഡയറക്ടർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം, കാസറഗോഡ്.

## അനുബന്ധം 5

## ബാലൻസ് ഷീറ്റ്

| | | | |
|---|---|---|---|
| Chemmanad Grama Panchayat<br>BALANCE SHEET | | | |
| As on 31-March-2020 | | | |
| Code.No | Description of Items | Schedule No | Amount |

| | | | |
|---|---|---|---|
| | LIABILITIES | | |
| | Reserve & Surplus | | |
| 310000000 | Panchayat / Municipal Fund | B-1 | 93106527.37 |
| 311000000 | Earmarked Funds - Special Funds/Sinking Fund/Trust or Agency Fund | B-2 | 144.00 |
| 312000000 | Reserves | B-3 | 54292647.00 |
| | Total Reserve & Surplus | | 147399318.37 |
| | Grants, Contributions for Specific Purposes | | |
| 320000000 | Grants, Funds & Contribution for Specific Purposes | B-4 | 11827533.00 |
| | Total Grants, Contributions for Specific Purposes | | 11827533.00 |
| | Loans | | |
| 330000000 | Secured Loans | B-5 | 18197980.00 |
| | Total Loans | | 18197980.00 |
| | Current Liabilities & Provisions | | |
| 340000000 | Deposits Received | B-7 | 112169.00 |
| 350000000 | Other Liabilities | B-9 | 3690978.18 |
| | Total Current Liabilities and Provisions | | 3803147.18 |
| | TOTAL LIABILITIES | | 181227978.55 |
| | ASSETS | | |
| | Fixed Assets | | |
| 410000000 | Fixed Assets | B-11 | 77415276.00 |
| 411000000 | Accumulated Depreciation | B-11 | -27572970.00 |
| 412000000 | Capital Work in Progress | B-11(a) | 77525.00 |
| | Total Fixed Assets | | 49919831.00 |
| | Investments | | |
| | Current Assets, Loans and Advances | | |
| 430000000 | Stock-in-hand | B-14 | 0.0 |

| | | | |
|---|---|---|---|
| 431000000 | Sundry Debtors (Receivables) | B-15 | 2760780.55 |
| 432000000 | Accumulated Provisions Against Debtors (Receivables) | B-15(a) | 0.0 |
| 440000000 | Pre-paid Expenses | B-16 | 18197980.00 |
| 450000000 | Cash and Bank Balance | B-17 | 106938038.00 |
| 460000000 | Loans, Advances and Deposits | B-18 | 3411349.00 |

| | |
|---|---|
| Total Current Assets, Loans and Advances | 0.0 |
| Total Current Assets, Loans and Advances | 131308147.55 |
| Other Assets | |
| Miscellaneous Expenditure (To the Extent not written off) | |
| TOTAL ASSETS | 181227978.55 |

ഡെപ്യൂട്ടി ഡയറക്ടർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം, കാസറഗോഡ്.